


# ലൂർദ് ജ്യോതി

പാരിഷ് ബുള്ളറ്റിൻ, ചെമ്പേരി




LOURDE JYOTHI

വാല്യം 10 | ലക്കം 1 | 2024 ഏപ്രിൽ | മെയ് | ജൂൺ

lourdejyothi@gmail.com


മേക്കലാത്ത്
ഗോൾഡ് &ഡയമണ്ട്സ്
ജ്വല്ലറി
ചർച്ച് റോഡ് ചെമ്പേരി
9744857729
എല്ലാവിധ വെള്ളി ആഭരണങ്ങൾക്ക്
വേദനയില്ലാതെ കാത് കുത്തുന്നു
മോതിരത്തിൽ പേര് എഴുതുന്നു
പഴയ സ്വർണം വിലയ്ക്ക് എടുക്കുന്നു
ഓർഡറുകൾ അനുസരിച്ച്
ആഭരണങ്ങൾ പണിത് കൊടുക്കുന്നു
BIS
916
HALLMARKED
JEWELLERY



# ലൂർദ് ജ്യോതി


പാരിഷ് ബുള്ളറ്റിൻ
ലൂർദ് മാതാ ഫൊറോന ചർച്ച്
ചെമ്പേരി, ഫോൺ: 9400062733
2024 - മാർച്ച്-ഏപ്രിൽ - മെയ്





**രക്ഷാധികാരി**
റവ.ഫാ.ജോർജ് കാഞ്ഞിരക്കാട്ട്
Mob: 9400897861

**സഹരക്ഷാധികാരികൾ**
റവ.ഫാ. തോമസ് കുമ്പളന്താനത്ത്
റവ.ഫാ. അമൽ ചെമ്പകശ്ശേരി

**ചീഫ് എഡിറ്റർ**
ശ്രീ. ജ്യോതിരാജ് അയ്യങ്കാനാൽ
ഫോൺ: 9447086681

**അസോസിയേറ്റ് എഡിറ്റർ**
ശ്രീ.സിബി പുന്നക്കുഴിയിൽ
ഫോൺ: 9447548451

**സെക്രട്ടറി**
ശ്രീ. സജിത്ത് കൊച്ചുപറമ്പിൽ

**എഡിറ്റേഴ്സ്**
ശ്രീ.സജീവ് ചെറുവത്തൂർ
ശ്രീ. ജോസ് കാളിയാനിയിൽ
ശ്രീ. ഷൈബി കുഴിവേലിപ്പുറത്ത്
സി. ഗ്രാസിയ FCC
സി. തേജസ് DST
ശ്രീമതി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ
ശ്രീ. അഖിൽ മുതുകുളത്തിൽ

**അഡ്വർടൈസ്മെന്റ് & സർക്കുലേഷൻ**
ശ്രീ.സുനിൽ കണ്ടത്തിൽ
ശ്രീ.ജുവൽ കൊട്ടാരത്തിൽ
ശ്രീ. ജോയി പുതുമനക്കുന്നത്ത്

**ആർട്ടിസ്റ്റ്**
ശ്രീ.എബി പൂവേലിൽ

**വിതരണം**
വാർഡ് പ്രതിനിധികൾ



*Layout & Printing*
XPRESS
OFFSET & DIGITAL PRINTING
www.xpressprinters.co.in
*xpress4printing@gmail.com*


## ഉൾത്താളുകൾ


| | |
|---|---|
| എഡിറ്റോറിയൽ | - 2 |
| ഉയിർപ്പു തിരുനാൾ | - 3 |
| അറിയാൻ ഓർമിക്കാൻ | - 5 |
| സഭാവാർത്തകൾ | - 6 |
| ഫ്രാൻസീസ് മാർപാപ്പ പറയുന്നു | - 7 |
| ലോഗോസ് ബൈബിൾ ക്വിസ് | - 9 |
| വി.യൗസേപ്പ് നീതിയുടെ നിറകുടം | - 10 |
| ഈസ്റ്റർ | - 15 |
| മാർവാലാഹ് | - 18 |
| ജപമാലറാണിയെ ഓർക്കുമ്പോൾ | - 21 |
| വഴിത്താര തീർത്ഥവർ | - 22 |
| യേശുവിന്റെ അമ്മ എന്റെയും സഭയുടെയും | - 24 |
| ജ്യോതിക | - 26 |
| പുതുപൂക്കൾ | - 30 |
| സ്വർഗ്ഗീയ ഭവനത്തിൽ | - 31 |
| വാർത്തകൾ | - 32 |
| നവദമ്പതികൾ | - 38 |
| നിറം കൊടുക്കാമോ | - 40 |

# എഡിറ്റോറിയൽ

“ആഴ്ചയുടെ ആദ്യദിവസമായ അന്ന് വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോട് പറഞ്ഞു: നിങ്ങൾക്ക് സമാധാനം.” ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. (യോഹ: 20:19) ഈശോയുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും ധ്യാനിക്കുന്ന നോമ്പ്കാലത്തിന് ശേഷം നാം ഈസ്റ്റർ ആഘോഷിക്കുകയാണ്. തിന്മയുടെ ശക്തികൾ നേടുന്ന വിജയങ്ങൾ താൽക്കാലികമാണെന്നും ആത്യന്തികമായ വിജയം നേടുന്നത് ദൈവമാണെന്നും ഈശോയുടെ ഉത്ഥാനം നമ്മെ ഓർമപ്പെടുത്തുന്നു. ഭയംമൂലം പിൻമാറുന്ന മനുഷ്യഗണത്തെ പ്രത്യാശയുടെ ജീവിതത്തിലേക്ക് തന്റെ ഉത്ഥാനത്തിലൂടെ യേശുനാഥൻ തിരിച്ചുവിളിക്കുകയാണ്. സഹനങ്ങളും പീഡനങ്ങളും കുരിശുകളും നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത് ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്കാണെന്ന് ഉയിർപ്പു തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ പിന്മാറാതെ നിരാശരാകാതെ നഷ്ടധൈര്യരാകാതെ നമുക്ക് മുന്നോട്ട് പോകാം.

യേശുവിന്റെ നാമം സ്വീകരിച്ചു എന്ന ഒറ്റക്കാരണം കൊണ്ട് പീഡനമേൽക്കുന്ന, സഹനങ്ങളിലൂടെ മതമർദ്ദനങ്ങളിലൂടെ കടന്നുപോകുന്ന നമ്മുടെ സഹോദരങ്ങളെയും നമുക്ക് ഈ വലിയ ആഴ്ചയിൽ ഓർക്കാം. അവരോട് ഹൃദയം കൊണ്ട് ഐക്യപ്പെടാം. പ്രാർത്ഥനയിലൂടെ നമ്മുടെ സഹോദരങ്ങളെ ശക്തിപ്പെടുത്താം.

നമ്മുടെ ഇടവകയിലെ വ്യക്തികളെയും കുടുംബങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന “ലൂർദ് ജ്യോതി” പാരിഷ് ബുള്ളറ്റിൻ പത്താം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ അഭിമാനമായ ഈ പാരിഷ് ബുള്ളറ്റിനെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ....

ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ഹൃദയപൂർവം നേരുന്നു

**ചീഫ് എഡിറ്റർ**
**ജ്യോതിരാജ് അയ്യങ്കാനാൽ**



# ഉയിർപ്പു തിരുനാൾ ആശംസകൾ



അരിമത്തിയാക്കാരൻ ജോസഫിന്റെ തോട്ടത്തിലെ ക്രിസ്തുവിന്റെ കല്ലറയുടെ വാതിൽ മാലാഖാ തുറന്നപ്പോൾ ചരിത്രം തിരുത്തപ്പെടുകയായിരുന്നു. ആ കല്ലറയുടെ വാതിൽ പറുദീസായുടെ അടയ്ക്കപ്പെട്ട വാതിലിന്റെ പ്രതീകമായിരുന്നു. കല്ലറ തുറന്നപ്പോൾ സഹസ്രാബ്ദങ്ങളായി മനുഷ്യകുലത്തിന് മുന്നിൽ അടയ്ക്കപ്പെട്ടിരുന്ന പറുദീസായുടെ വാതിലാണ് തുറക്കപ്പെട്ടത്. തുറക്കപ്പെട്ട ആ കല്ലറ കേവലം ശൂന്യമായ ഒരു കബറിടമായിരുന്നില്ല. അതു പറുദീസായിലേക്കുള്ള പ്രവേശന കവാടമായിരുന്നു. പ്രസ്തുത കല്ലറയുടെ കവാടമായ കല്ല് മാലാഖ ഉരുട്ടിമാറ്റിയത് നാരകീയ ശത്രുവായിരുന്ന സാത്താന്റെ തലയിലേക്കായിരുന്നു. അവൻ പരാജയത്തിന്റെ പടുകുഴിയിൽ പതിച്ചത് ഉയിർപ്പ് തിരുനാളിലാണ്.

ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും വലിയ രഹസ്യം ഉത്ഥാനമാണ്. ഉത്ഥാനത്തിൽ വിശ്വസിക്കാത്തവർ യേശുവിൽ വിശ്വസിക്കുന്നു എന്നു പറയാനാവില്ല. മരണത്തെ തോൽപ്പിച്ച് ഉയിർത്തില്ലായിരുന്നെങ്കിൽ യേശുവും ഇതര ലോകനേതാക്കളും തമ്മിൽ വ്യത്യാസമുണ്ടാകുമായിരുന്നില്ല. വി. ഗ്രന്ഥത്തിലെ ഉത്ഥാന വിവരണങ്ങളിൽ ഒന്നാമത്തെ പ്രമേയം വളരെ ശ്രദ്ധേയമാണ്.

യേശുവിന്റെ മൃതശരീരത്തിൽ പൂശാൻ സുഗന്ധദ്രവ്യവുമായി കല്ലറയിങ്കലേക്ക് പോയ സ്ത്രീകൾക്ക് യേശുവിന്റെ ഉയിർപ്പിനെകുറിച്ചല്ല തങ്ങൾക്ക് അകത്തു കടക്കാൻ ആരു കല്ല് മാറ്റിത്തരും എന്നതു മാത്രമായിരുന്നു അവരുടെ ആശങ്ക. ഈ വലിയ കല്ല് എങ്ങനെ നീക്കും എന്ന ഹൃദയ ഭാരത്തോടെ വരുന്നവർക്ക് മുന്നിലാണ് കല്ലറയുടെ കല്ല്

നീക്കപ്പെടുന്നത്. യേശുവിനെ ആത്മാർത്ഥമായി തേടുന്നവരെല്ലാം കാത്തിരിക്കുന്ന ആദ്യാനുഗ്രഹം ഇതുതന്നെയാണ്. ജീവിതത്തിലെ പ്രതിസന്ധി യുടെ കല്ല് നീക്കാൻ ദൈവം തന്റെ ദൂതരെ നിയോഗിക്കുന്ന അനുഭവം ലഭിക്കുന്നു.

'കരയേണ്ട' എന്ന മാലാഖയുടെ വാക്കു കളിൽ ഉത്ഥാനത്തിന്റെ ആദിമ സന്ദേശം ഇതൾ വിടർത്തുന്നു. മരണത്തേയും പിശാചിനെയും തോല്പിച്ച് യേശു ഉയിർത്തതിനാൽ ഇനിമേൽ മനുഷ്യകുലത്തിന് നിത്യനാശത്തെയോ നിത്യനഷ്ട ത്തെയോ ഭയപ്പെടേണ്ടതില്ല. 'കരയേ ണ്ട' എന്ന പ്രസ്താവന സ്ത്രീ കൾക്ക് മാത്രമായുള്ളതല്ല; മനുഷ്യ കുലത്തിന് മുഴുവനായുള്ളതാണ്. രോഗവും കടബാധ്യതയും കുടുംബ പ്രശ്നങ്ങളും വഴി കരയുന്നവരോട് കരയേണ്ട എന്ന ആശ്വാസ വചന മാണ് ഉത്ഥിതന് നൽകാനുള്ളത്.

പലർക്കും ഉത്ഥിതനെ കണ്ടെ ത്താൻ കഴിയാത്തതിന്റെ കാരണം അസ്ഥാനത്ത് അവനെ അന്വേഷി ക്കുന്നത് കൊണ്ടാണ് എന്ന സത്യമാണ് മാലാഖ തുടർന്ന് പറയുന്നത്.

ജീവിച്ചിരിക്കുന്ന യേശുവിനെ മരിച്ചവരുടെ ഇടയിൽ കല്ലറയിൽ തേടുന്നവരുടെ അബദ്ധം ഇന്നും ആവർത്തിക്കപ്പെടുന്നുണ്ട്. പലരും യേശുവിനെ തേടുന്നത് സമ്പ ത്തിനും സൗന്ദര്യത്തിനും ആരോഗ്യ ത്തിനും സുഖസന്തോഷങ്ങൾ ക്കിടയിലുമാണ്. ഇവയൊക്കെ നഷ്ടമാകുമ്പോൾ ദൈവം കൈവിട്ട തായി നമുക്ക് തോന്നാൻ കാരണമി താണ്. ക്രിസ്ത്വാനുഭവം അന്യമാകുന്നതിന് കാരണം അവൻ ഉത്ഥാനം ചെയ്യാത്തതല്ല മറിച്ച്, നാം സഭയാകുന്ന കൂട്ടായ്മയോട് ചേർന്ന് നിൽക്കാത്തതാണ്.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

വികാരിയച്ചൻ

## ഈസ്റ്റർ എപ്പോൾ

**ഈസ്റ്റർ ദിനം നിശ്ചയിക്കുന്ന തിനുള്ള മാനദണ്ഡം നിശ്ചയിച്ചത് നിഖ്യാ സൂനഹദോസിനുശേഷമാണ്. പാശ്ചാത്യ പൗരസ്ത്യസഭകളുടെ അഭിപ്രായാന്തരം പരിഹരിക്കാൻ എടുത്ത തീരുമാനം ഇപ്രകാര മായിരുന്നു. രാത്രിയും പകലും കൃത്യം 12 മണിക്കൂർ വീതമാകുന്ന (equinox) മാർച്ച് 21 നു ശേഷമുള്ള വെളുത്തവാവിന്റെ പിറ്റേ ഞായറാഴ്ചയാണ് ഈസ്റ്റർ ആഘോഷി ക്കേണ്ടത്. ഈ പതിവ് ഇന്നും തുടരുന്നതിനാൽ മാർച്ച് 22 മുതൽ ഏപ്രിൽ 24 വരെ യുള്ള ഏതു ദിനത്തിലും ഈസ്റ്റർ ആഘോഷി ക്കപ്പെടാം.**




| | | |
|---|---|---|
| 2024 മാർച്ച് | 19 | - വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| | 28 | - പെസഹാ വ്യാഴം |
| | 29 | - ദു:ഖവെള്ളി |
| | 31 | - ഉയിർപ്പ് തിരുനാൾ |
| 2024 ഏപ്രിൽ | 7 | - പുതുഞ്ഞായർ |
| | 24 | - സെന്റ് ജോർജ് തിരുനാൾ |
| 2024 മെയ് | 1 | - മെയ്ദിനം (തൊഴിലാളി മധ്യസ്ഥനായ വി.യൗസേപ്പ്) |
| | 6 | - വി. ഡൊമിനിക് സാവിയോ |
| | 9 | - നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| | 13 | - ഫാത്തിമാമാതാവിന്റെ തിരുനാൾ |
| | 19 | - പന്തക്കുസ്ത തിരുനാൾ |
| | 26 | - പരി.ത്രീത്വത്തിന്റെ തിരുനാൾ |
| 2023 ജൂൺ | 7 | - ഈശോയുടെ തിരുഹൃദയ തിരുനാൾ |
| | 8 | - മാതാവിന്റെ വിമലഹൃദയ തിരുനാൾ |
| | | - വി. മറിയം ത്രേസ്യായുടെ തിരുനാൾ |
| | 13 | - വി. അന്തോനീസിന്റെ തിരുനാൾ |
| | 29 | - വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ |

# സഭാ വാർത്തകൾ

- സീറോമലബാർ സഭയുടെ നാലാമത് മേജർ ആർച്ച് ബിഷപ്പായി ഷംഷാബാദ് രൂപതയുടെ മെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു. മേജർ ആർച്ച് ബിഷപ്പ് ആയിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിരമിച്ചതിനെത്തുടർന്നാണ് പുതിയ മേജർ ആർച്ച് ബിഷപ്പിനെ തെരഞ്ഞെടുത്തത്. ജനുവരി 11 ന് അദ്ദേഹം സ്ഥാനമേറ്റു.
- വിജയപുരം ലത്തീൻ രൂപത സഹായ മെത്രാനായി ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപറമ്പിലിനെ ഫ്രാൻസീസ് മാർപാപ്പ നിയമിച്ചു.
- മാർ ജോസഫ് കൊല്ലംപറമ്പിൽ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്ററായി നിയമിതനായി. ഷംഷാബാദ് രൂപതയുടെ മെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് സ്ഥാനം ഏറ്റെടുത്ത സാഹചര്യത്തിലാണിത്.
- കർണാടകയിലെ ആദ്യ സീറോമലബാർ രൂപതയായ ബൽത്തങ്ങാടി രൂപത രജത ജൂബിലി ആഘോഷിച്ചു. ബൽത്തങ്ങാടിയിലെ പ്രഥമ ബിഷപ്പായ മാർ ലോറൻസ് മുക്കുഴിയുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷവും ഇതോടൊപ്പം നടന്നു.
- മാഹി സെന്റ് തെരേസ തീർത്ഥാടന കേന്ദ്രത്തെ ബസിലിക്കയായി പ്രഖ്യാപിച്ചു. കോഴിക്കോട് രൂപത മെത്രാൻ ഡോ.വർഗീസ് ചക്കാലയ്ക്കൽ ബസിലിക്ക പ്രഖ്യാപനം നടത്തി.
- ഇന്ത്യയിലെ കത്തോലിക്ക മെത്രാൻസമിതി (സി ബി സി ഐ) യുടെ പ്രസിഡണ്ടായി തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.



# ഫ്രാൻസീസ് മാർപാപ്പ പറയുന്നു...

- “നിരവധി പ്രലോഭനങ്ങൾ കടന്നുവരുന്ന വ്യക്തിപരമായ പോരാട്ടത്തിന്റെ കാലമായി നോമ്പുകാലത്തെ മനസ്സിലാക്കാം. ഈ തിരിച്ചറിവ് പ്രാർത്ഥനയോടെ ദൈവവചനം സ്വീകരിക്കാൻ നമ്മെ ക്ഷണിക്കുന്നു. നോമ്പുകാലത്തിന്റെ 3 സ്തംഭങ്ങൾ ആയ പ്രാർത്ഥന ദാനധർമ്മം ഉപവാസം എന്നിവ വേറിട്ട പ്രവർത്തികളായല്ല, ഇവയുടെ കൂട്ടായ്മയിലൂടെ മാത്രമേ നമ്മെ ഭാരപ്പെടുത്തുന്ന വിഗ്രഹങ്ങളെയും തടവിലാക്കിയിരിക്കുന്ന താൽപര്യങ്ങളെയും ബഹിഷ്കരിക്കുവാനും തുറവിയുടെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും അനുഭവങ്ങളിലേക്ക് കടന്നു വരുവാനും സാധിക്കുകയുള്ളൂ”

  **(മാർപാപ്പയുടെ നോമ്പുകാല സന്ദേശം)**

- “ കരുണയും സ്നേഹവും നിറഞ്ഞ സാമീപ്യം ആണ് ഏത് രോഗത്തിനും നൽകേണ്ട ആദ്യ ചികിത്സ സ്നേഹിക്കുന്നതിന് വേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടത് സാഹോദര്യവും കൂട്ടായ്മയും പുലർത്തുന്നതിനായാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് രോഗത്തിന്റെയും ദുർബലതയുടെ സമയത്തും ജീവിതത്തിന്റെ ഈ മാനമാണ് നമ്മെ പിടിച്ചുനിർത്തുന്നത്. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിലെ രോഗങ്ങൾ സൗഖ്യമാക്കാൻ നാം ആദ്യം നൽകേണ്ട ചികിത്സയും”

  (ഫെബ്രുവരി 11ന് ആചരിക്കുന്ന ആഗോള രോഗിദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശം)

- "ആധുനിക യുദ്ധങ്ങൾ കൃത്യമായി നിർവചിച്ച യുദ്ധക്കളങ്ങളിലോ സൈനികരെ കേന്ദ്രീകരിച്ചോ മാത്രമല്ല അരങ്ങേറുന്നത്. നാം വിചാരിക്കുന്നതിലധികം സ്ത്രീകളും കുട്ടികളും ഉൾപ്പെട്ട സാധാരണ ജനങ്ങളാണ് ഇന്ന് യുദ്ധത്തിന്റെ ഇരകളാകുന്നത്. ആയുധ നിർമാണങ്ങൾക്കായി നടത്തുന്ന നിക്ഷേപങ്ങൾ ഇക്കാലത്തിന്റെ പ്രതിസന്ധികളായ ആഹാരം, പരിസ്ഥിതി, സാമ്പത്തിക ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി ഉപയോഗിച്ചാൽ അനേകരെ രക്ഷിക്കാൻ സാധിക്കും."

  (184 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ച മധ്യേ നൽകിയ സന്ദേശം )

- "നിങ്ങൾക്കായി ഒരു രക്ഷകൻ - കർത്താവായ ക്രിസ്തു ജനിച്ചിരിക്കുന്നു എന്ന് ബെത്‌ലഹെമിലെ ആകാശത്തിൽ മുഴങ്ങിയ മാലാഖയുടെ വാക്കുകൾ നമുക്ക് വേണ്ടി കൂടി ഉള്ളതാണ്. കർത്താവ് നമുക്ക് വേണ്ടിയാണ് ജനിച്ചത് എന്ന് അറിയുന്നത് നമ്മിൽ ആത്മവിശ്വാസവും പ്രത്യാശയും നിറയ്ക്കും. ."

  (ക്രിസ്മസ് ദിനത്തിൽ റോമ നഗരത്തിനും ലോകത്തിന് മുഴുവനായും നൽകുന്ന 'ഉർബി എത് ഓർബി' സന്ദേശത്തിൽ നിന്ന്)

# ലോഗോസ് ബൈബിൾ ക്വിസ് 2024

## പഠനഭാഗങ്ങൾ


**ന്യായാധിപന്മാർ 1–10, പ്രഭാഷകൻ 34–40**
**വി. ലൂക്കാ 9–16, 2 കൊറി 7–13**

## പരീക്ഷാതീയതികൾ

| | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00 pm to 3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23–24 |

**രജിസ്ട്രേഷൻ : 2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ**
**രജിസ്ട്രേഷൻ ഫീസ് : 20 രൂപ**

# ലോഗോസ്
# ബൈബിൾക്വിസ്



## പ്രഭാഷകൻ 34-40

1 ആരാണ് വിവേകത്തോടെ സംസാരിക്കുന്നത്?
2 ആരുടെ കാഴ്ച്ചകളാണ് സ്വീകാര്യമല്ലാത്തത് ?
3 എപ്രകാരമാണ് കാഴ്ച സമർപ്പിക്കേണ്ടത്?
4 കർത്താവിന്റെ വിശുദ്ധമന്ദിരം സ്ഥിതി ചെയ്യുന്ന നഗരമേത്?
5 എല്ലാ പ്രവൃത്തിയുടെയും ആരംഭം എന്താണ്?
6 ആരോടാണ് ഉപദേശം ചോദിക്കരുതാത്തത്
7 വൈദ്യനെ നിയോഗിച്ചത് ആരാണ് ?
8 കർത്താവിന്റെ മാർഗം ഋജുവായത് ആർക്ക്?
9 എന്നേക്കും നിലനിൽക്കുന്നതെന്ത്?
10 ഭിക്ഷാടനത്തേക്കാൾ ഭേദമെന്ത്?

**ശ്രീമതി ലിസ്സി ജോയി പാറത്താനത്ത്**
**ക്വിസ്മാസ്റ്റർ**

**ലൂർദ് ജ്യോതി പരസ്യ നിരക്ക്**

| | | |
|---|---|---|
| Back Cover Page (Multi Colour) | | Rs. 5000/- |
| Front Inner page | ” | Rs. 4000/- |
| Back Inner Page | ” | Rs. 3500/- |
| Inner Full Page | ” | Rs. 2500/- |
| Inner Half Page | ” | Rs. 1500/- |
| Inner Full Page (Black & White) | | Rs. 1000/- |
| Inner Half Page | ” | Rs. 500/- |

*Contact:* **സുനിൽ കണ്ടത്തിൽ – 97 45 60 63 01**



# വിശുദ്ധ യൗസേപ്പ് നീതിയുടെ നിറകുടം

മാർച്ച് 19 വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ. യേശുവിന്റെ പീഡാനുഭവവും കുരിശു മരണവും ഉയിർപ്പുമെല്ലാം ആചരിക്കുന്ന വലിയ നോമ്പുകാലത്ത് യേശുവിന്റേതല്ലാതെ കടന്നുവരുന്ന ഒരേയൊരു തിരുനാളാണ് വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ. 15-ാം നൂറ്റാണ്ടു മുതലാണ് വിശുദ്ധ യൗസേപ്പ്പിതാവിന് പ്രാർത്ഥനാപരമായ ആദരവ് നൽകപ്പെട്ട് തുടങ്ങിയത്. ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു മരപ്പണിക്കാരൻ എന്നതിലും ഉപരിയായി ദൈവീക നിയോഗം അനുസരിച്ച് രക്ഷകന്റെ മാതാവ് ആകാൻ തിരഞ്ഞെടുക്കപ്പെട്ടവളുടെ ജീവിതപങ്കാളിയാകാൻ അനുഗ്രഹം ലഭിച്ച വ്യക്തി എന്ന നിലയിലാണ് വിശുദ്ധ യൗസേപ്പിന്റെഔന്നത്യം നാം മനസ്സിലാക്കേണ്ടത്. 1971 ൽ ഒമ്പതാം പിയൂസ് മാർപാപ്പ യൗസേപ്പ് പിതാവിനെ സാർവത്രിക സഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചു. വിശുദ്ധ ബൈബിളിൽ വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന വിശുദ്ധ യൗസേപ്പ് പിതാവിന് സഭയിലും കുടുംബങ്ങളിലും വിശ്വാസികളുടെ മനസ്സിലുമുള്ള സ്ഥാനം എന്താണെന്ന് ചെറിയ ചിന്തകളിലൂടെ പങ്കുവയ്ക്കാനാണ് ഇവിടെ പരിശ്രമിക്കുന്നത്.

"അവളുടെ ഭർത്താവ് നീതിമാൻ ആകയാൽ അവളെ അപമാനിതയാക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല" വിശുദ്ധ മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായം 19-ാം വാക്യത്തിൽ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് പറയുന്ന വാക്യങ്ങളാണിത്. വിശുദ്ധ ഗ്രന്ഥത്തിൽ നീതിമാൻ എന്ന സ്ഥാനം വിശുദ്ധ യൗസേപ്പ് പിതാവിന് മാത്രം കൽപ്പിച്ചു കിട്ടിയ ഒരു പദവിയാണെന്ന് നമുക്ക് കാണാൻ കഴിയും. അർഹിക്കുന്നത് അർഹിക്കുന്നവന് അർഹിക്കുന്ന സമയത്ത് തന്നെ നൽകുക എന്നതാണ് നീതിയുടെ നിർവചനം. ദൈവത്തിനു കൊടുക്കേണ്ട വിശ്വാസവും വിധേയത്വവും ദൈവത്തിനു കൊടുത്തു. ഭാര്യയായ മറിയത്തിന്

കൊടുക്കേണ്ട സ്നേഹവും സംരക്ഷണവും യഥാവിധി മറിയത്തിന് കൊടുത്ത് ഉണ്ണിയേശുവിനു കൊടുക്കേണ്ട വാത്സല്യവും കരുതലും സംരക്ഷണവും സമയാസമയങ്ങളിൽ ഉണ്ണിയേശുവിന് കൊടുത്തു. അങ്ങനെ ദൈവത്തിന്റെയും ഭാര്യയുടെയും പുത്രന്റെയും മുൻപിൽ യൗസേപ്പ് നീതിമാനായി വർത്തിച്ച് ആ പദവിക്ക് തികച്ചും യോഗ്യനായി ത്തീരുകയും ചെയ്തു.

തിരുസഭ വിശുദ്ധ യൗസേപ്പിന് പ്രധാനമായും നൽകുന്നത് അഞ്ച് വിശേഷണങ്ങളാണ്. കുടുംബത്തിന്റെ സംരക്ഷകൻ, സഭയുടെ കാവലാൾ, ബ്രഹ്മചാരികളുടെ സംരക്ഷകൻ, തൊഴിലാളികളുടെ മധ്യസ്ഥൻ, നന്മ രണത്തിന്റെ മധ്യസ്ഥൻ. ഓരോ വിശേഷണങ്ങളിലൂടെയും നമുക്ക് ഒന്ന് കടന്നു പോകാം. തിരുസഭ ഒന്നാമതായി നൽകുന്ന സ്ഥാനമാണ് കുടുംബത്തിന്റെ സംരക്ഷകൻ എന്നത്. കുടുംബജീവിതക്കാർ കടന്നു പോയേക്കാവുന്ന എല്ലാ അനുഭവങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും വി.യൗസേപ്പും കടന്നുപോയിട്ടുണ്ട്. തെറ്റിദ്ധാരണകളുടെയും അലച്ചിലി ന്റെയും ദാരിദ്ര്യത്തിന്റെയും പലായനങ്ങളുടെയും ഒറ്റപ്പെടലിന്റെയും വഴി താണ്ടിയവനാണ് വി.യൗസേപ്പ്. ഒരു സംരക്ഷകനായും ആശ്വാസ ദായകനായും തന്റെ കുടുംബത്തിന്റെ എല്ലാ അവസ്ഥകളിലും യൗസേപ്പ് ഉണ്ടായിരുന്നു. തീർച്ചയായും നമ്മുടെ കുടുംബജീവിതത്തിൽ ഉണ്ടാകുന്ന ഏത് പ്രതിസന്ധികളിലും നമുക്ക് ആശ്രയിക്കാവുന്ന ഒരു തണൽമരമായി വിശുദ്ധ യൗസേപ്പിനെ നമുക്ക് കാണാം.

വിശുദ്ധ മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായം പതിമൂന്നാം വാക്യത്തിൽ ഇങ്ങനെ പറയുന്നു: “എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക. ഞാൻ പറയുന്നത് വരെ അവിടെ താമസിക്കുക. അവൻ ഉണർന്ന് ശിശുവിനെയും അമ്മയെയും കൂട്ടി ആ രാത്രിയിൽത്തന്നെ ഈജിപ്തിലേക്ക് പോയി” ഈ വാക്യം വായിക്കുമ്പോൾ നമ്മുടെയൊക്കെ മനസ്സിലേക്ക് പെട്ടെന്ന് കടന്നു വരിക, ശിശുവിനെയും അമ്മയെയും കൂട്ടി രണ്ടോ മൂന്നോ ദിവസം കൊണ്ട് ഈജിപ്തിലെത്തിയെന്നാണ്. എന്നാൽ ആ യാത്രയുടെ ദൈർഘ്യവും കഷ്ടപ്പാടും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ വിശുദ്ധനാട് സന്ദർശിക്കാൻ ഒരു അവസരം കിട്ടിയപ്പോഴാണ്. ഇന്നത്തെ കെയ്റോ സിറ്റിയുടെ ഒരു ഒഴിഞ്ഞ കോണിൽ അന്ന് തിരുകുടുംബം ഒളിവിൽ പാർത്തിരുന്ന സ്ഥലത്ത് അവർ ബദ്‌ലഹേമിൽ നിന്നും പുറപ്പെട്ട് ഈജിപ്തും പിന്നിട്ട് തിരിച്ചെത്തുന്നത് വരെയുള്ള സഞ്ചാര പാത വ്യക്തമാക്കുന്ന ഒരു ഭൂപടം പ്രദർശിപ്പിച്ചിട്ടുണ്ട്. അത് കാണുമ്പോഴാണ് ആ പലായനത്തിന്റെ സാഹസികതയും കഷ്ടപ്പാടും നമുക്ക് ബോധ്യമാവുക. സീനായ്മരുഭൂമിയും നൈൽ നദിയും താണ്ടി ഈജിപ്തിലെത്താൻ പ്രസ്തുത മാപ്പ് പ്രകാരം ആയിരത്തിലധികം കിലോമീറ്റർ യാത്ര ചെയ്യണം.

സഹസ്രാബ്ദങ്ങൾക്ക് മുൻപ് യാതൊരുവിധ ഗതാഗത മാർഗവും ഇല്ലാതിരുന്ന കാലത്ത് ഭീതിദമായ വഴിയിലൂടെ ജീവന്റെ ഒരു തുടിപ്പ്

പോലുമില്ലാത്ത, ഉത്തുംഗങ്ങളായ പാറക്കെട്ടുകളും മണൽക്കാടുകളും നിറഞ്ഞ ഊഷരമായ ഒരു ഭൂപ്രദേശത്തു കൂടി ജനിച്ച് ദിവസങ്ങൾ മാത്രം പ്രായമായ കുഞ്ഞിനെയും, ക്ഷീണിതയായ ഭാര്യയെയും കൂട്ടി ഇത്രയും ദൂരം യാത്ര ചെയ്യുക എന്നത് എത്രയോ ദുഷ്കരമായിരിക്കും. ഈ സാഹസത്തിന് യൗസേപ്പിതാവിന് പ്രചോദനമായത്, തന്റെ കുടുംബ ത്തിന്റെ സംരക്ഷണം ദൈവം തന്നെ ഏൽപ്പിച്ചതാണെന്ന ഉത്തമ ബോധ്യവും, തന്നോടൊപ്പം ഉള്ളത് ലോകരക്ഷകൻ ആകാൻ വേണ്ടി പിറന്ന ദൈവ പൈതലാണെന്നുമുള്ള തിരിച്ചറിവ് കൊണ്ടുമാത്രമാണ്. കുടുംബത്തിന്റെ സംരക്ഷകരാകേണ്ടവർ സംഹാരകരായി തീരുന്ന എത്രയെത്ര സംഭവങ്ങളാണ് നാം ദിവസവും മാധ്യമങ്ങളിലൂടെ അറിയുന്നത്. എല്ലാവിധ തിന്മകളിൽ നിന്നും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കണമേയെന്ന് വിശുദ്ധ യൗസേപ്പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

വി.യൗസേപ്പിന് സഭ നൽകിയിരിക്കുന്ന മറ്റൊരു പദവിയാണ് സഭയുടെ കാവൽക്കാരൻ എന്നത്. സഭ ഇന്ന് ധാരാളം പ്രതിസന്ധി കളിലൂടെ കടന്നു പോവുകയാണ്. നീതിബോധവും വിശ്വാസവും മൂല്യങ്ങളുമൊക്കെ അന്യം നിന്നുപോകുന്ന കാലഘട്ടം ആയതുകൊ ണ്ടാകാം സഭാ തലവൻ ഫ്രാൻസിസ് മാർപാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചത്. ആ പ്രഖ്യാപനത്തിലൂടെ വി.യൗസേപ്പിതാവ് സഭയുടെ കാവലാൾ ആണെന്ന് ഒരിക്കൽ കൂടി ഉറപ്പിക്കുകയായിരുന്നു. മദ്യവും മയക്കുമരുന്നും അസന്മാർഗികതയും, നീതിബോധമില്ലായ്മയും സഹജീവി സ്നേഹമില്ലായ്മയും നമ്മുടെ യുവജനങ്ങളെ വഴിതെറ്റിക്കുമ്പോൾ അവർക്ക് ഒരു കാവലാളായി മാറാൻ എല്ലാ മാതാപിതാക്കൾക്കും സാധിക്കുന്നതിനു വേണ്ടി സഭയുടെ കാവലാളായി വിശുദ്ധ പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് യാചിക്കാം.

യൗസേപ്പ് പിതാവിന് നൽകിയിരിക്കുന്ന മൂന്നാമത്തെ സ്ഥാനമാണ് ബ്രഹ്മചാരികളുടെ സംരക്ഷകൻ എന്നത്. മാനുഷിക വികാരങ്ങൾക്ക് അപ്പുറം ദൈവീക പദ്ധതിയാണ് നിറവേറ്റപ്പെടേണ്ടതെന്ന ബോധ്യത്തോടെ തന്റെ ഭാര്യയുടെ സംരക്ഷകനായി നിത്യ ബ്രഹ്മചാരിയായി ജീവിച്ചതുകൊണ്ടാണ് സഭ ഇങ്ങനെയൊരു പദവി വി.യൗസേപ്പിന് നൽകിയത്. സഭയെ നിലനിർത്തുന്നത് സമർപ്പിതരുടെ സഹനങ്ങളാണ്. തങ്ങളുടെ മാനുഷിക വികാരങ്ങൾ ക്രിസ്തുവിന് സമർപ്പിച്ച് അനേകരെ ഹൃദയത്തിൽ സ്വീകരിച്ച് സ്നേഹത്തിന്റെ ഉദാത്ത ഭാവങ്ങളായി മാറാൻ സമർപ്പിതരെ സഹായിക്കുന്നത് വി.യൗസേപ്പിതാവിന്റെ സംരക്ഷണമാണ്. യേശുവിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച യൗസേപ്പിതാവിനെ പ്പോലെ യേശുവിനു വേണ്ടി ജീവിക്കാനും തങ്ങളുടെ മുന്നിൽ എത്തുന്ന പതിതരുടെയും പാവപ്പെട്ടവരുടെയും മുഖത്ത് യേശുവിനെ ദർശിക്കാനും

സമർപ്പിതർക്ക് കഴിയുന്നുണ്ടെങ്കിൽ അത് ഈ വിശുദ്ധന്റെ മാധ്യസ്ഥ്യം കൊണ്ട് തന്നെയാണ്.

തൊഴിലാളികളുടെ മധ്യസ്ഥൻ എന്ന സ്ഥാനമാണ് സഭ യൗസേപ്പിതാവിന് നൽകിയ നാലാമത്തെ പദവി. മെയ് 1 നമ്മൾ തൊഴിലാളികളുടെ മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ തിരുനാൾ ആചരിക്കുന്നു. മരപ്പണിക്കാരനായ യൗസേപ്പിതാവ് കഠിനാധ്വാനത്തിലൂടെ തന്റെ ഭാര്യയെയും മകനെയും സംരക്ഷിച്ചു. തൊഴിലിന്റെ മഹത്വം മനസ്സിലാക്കിയ വ്യക്തിയായിരുന്നു വി.യൗസേപ്പ്. നിന്റെ നെറ്റിയിലെ വിയർപ്പ് കൊണ്ട് നീ അപ്പം ഭക്ഷിക്കണമെന്ന വചനം അക്ഷരംപ്രതി ജീവിതത്തിൽ പകർത്തിയവനാണ് വി.യൗസേപ്പ്. അധ്വാനിക്കാതെ ഭക്ഷിക്കുന്നവൻ കൊള്ളമുതലാണ് ഭക്ഷിക്കുന്നത് എന്ന സത്യം മനുഷ്യൻ മനസ്സിലാക്കുകയും യൗസേപ്പിതാവിന്റെ ജീവിതം മാതൃകയാക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

തിരുസഭ ഈ പുണ്യാത്മാവിന് നൽകിയിരിക്കുന്ന അഞ്ചാമത്തെ സ്ഥാനമാണ് നന്മരണത്തിന്റെ മധ്യസ്ഥൻ എന്നത്. എന്തുകൊണ്ടായിരിക്കും സഭ അങ്ങനെയൊരു സ്ഥാനം നൽകിയത്. വിശുദ്ധന്റെ മരണത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ല. യേശുവിന്റെ പരസ്യ ജീവിതത്തിന് മുൻപായി യൗസേപ്പിതാവ് മരണപ്പെട്ടു എന്ന് സഭാചരിത്രകാരന്മാർ പറയുന്നുണ്ട്. അങ്ങനെയെങ്കിൽ ഈ ലോകത്ത് മറ്റാർക്കും ലഭിക്കാത്ത ഭാഗ്യപ്പെട്ട മരണമാണ് വിശുദ്ധന് ലഭിച്ചിട്ടുള്ളത്. പരിശുദ്ധമാതാവിന്റെയും ദൈവപുത്രനായ മിശിഹായുടെയും സാന്നിധ്യത്തിൽ നിത്യതയിലേക്ക് യാത്രയാകാൻ യൗസേപ്പിതാവിന് സാധിച്ചു. അതുകൊണ്ടായിരിക്കും വിശുദ്ധന് നന്മരണത്തിന്റെ മധ്യസ്ഥ്യൻ എന്ന സ്ഥാനം നൽകിയിട്ടുള്ളത്. ആരും ആഗ്രഹിച്ചു പോകുന്ന ഒരു മരണമാണ് വി.യൗസേപ്പിന് ലഭിച്ചത്. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം സ്വർഗീയമായ ഒരു മരണമാണ്. സ്വർഗത്തിലേക്ക്, നന്മയിലേക്ക്, മൂല്യങ്ങളിലേക്ക് ചാഞ്ഞു നിന്നുകൊണ്ട് നല്ല മരണം ലഭിക്കുന്നതിന് വേണ്ടി വി.യൗസേപ്പ് പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

ജീവിതത്തിലെ കഠിനമായ പരീക്ഷണങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുവാൻ ബുദ്ധിമുട്ടുന്ന നിമിഷങ്ങളിൽ നീതിക്ക് വേണ്ടി നിലവിളിക്കുന്നവരുടെ കണ്ണുനീരിന് മുൻപിൽ, തന്റേതല്ലാത്ത കാരണ ത്താൽ സമൂഹമധ്യത്തിൽ അപമാനിതരാകുന്ന ഹതഭാഗ്യരുടെ മുന്നിൽ തികഞ്ഞ വിശ്വാസിയും നീതിമാനുമായ വി.യൗസേപ്പിനെ കണ്ടെത്തുവാൻ, അഥവാ വി.യൗസേപ്പിതാവിനൊരു പകരക്കാരൻ ആകാൻ നമുക്ക് കഴിയുമോ എന്ന് ആത്മശോധന ചെയ്യാം. വാക്കുകളെക്കാൾ വാചാലമാണ് മൗനം എന്നും മറുപടി എന്നത് സ്വഹിതം അനുസരിച്ചല്ല, ദൈവഹിതം അനുസരിച്ച് ആണെന്നുമുള്ള വലിയൊരു പാഠം കൂടി വി.യൗസേപ്പിന്റെ

ജീവിതത്തിൽ നിന്നും നാം വായിച്ചെടുക്കേണ്ടതാണ്. നമ്മുടേതായ ന്യായപ്രമാണങ്ങൾ കൊണ്ട് ദൈവഹിതത്തെയും പരമോന്മുഖ നന്മകളെയും തള്ളിക്കളയുന്ന എത്രയോ അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്.

"നിന്റെ ഹിതം എന്നിൽ ഭവിക്കട്ടെ" എന്ന വാക്കുകൾ കൊണ്ട് പരിശുദ്ധ മറിയം മനുഷ്യന്റെ സഹരക്ഷകയാകാൻ തയ്യാറായപ്പോൾ വി.യൗസേപ്പ് ആഴമായ മൗനം കൊണ്ട് ആ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. മനുഷ്യവംശത്തിന് ഒന്നാകെ ലഭിക്കേണ്ട നീതിസൂര്യനാണ് യേശു മിശിഹായെന്നും, ആ നീതിസൂര്യനെ നിഷേധിക്കാൻ തന്റെ നീതിബോധത്തിന് ആവില്ല എന്നുമുള്ള തിരിച്ചറിവ്. അതായിരുന്നു വി.യൗസേപ്പ്. അതുകൊണ്ടാണ് വിശുദ്ധ ഗ്രന്ഥം 'നീതിമാൻ' എന്ന സ്വർണക്കിരീടം യൗസേപ്പിന് ചാർത്തിക്കൊടുത്തത്. അനീതി നിറഞ്ഞ ഈ ലോകത്ത് നീതിക്കുവേണ്ടി ദാഹിക്കുന്നവരുടെ മുൻപിൽ നീതിയുടെ ഒരിറ്റ് ജലവുമായി കടന്നു ചെല്ലാൻ ഞങ്ങളെ സഹായിക്കണമേ എന്ന് വി.യൗസേപ്പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം



**ലിസിയമ്മ ജോസഫ്**
**മേമടത്തിൽ**





# ഈസ്റ്റർ

**ക്രൈ**സ്തവ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയായ ഈശോയുടെ ഉത്ഥാനം നൽകുന്ന സന്തോഷം ഒരിക്കൽ കൂടി ആസ്വദിക്കുന്ന അനുഗ്രഹീത ദിനമാണല്ലോ ഈസ്റ്റർ. ഈശോയുടെ സഹനമരണോത്ഥാങ്ങൾ നമുക്ക് നേടിത്തന്ന രക്ഷയുടെ മാധുര്യം ഓരോദിനവും ആസ്വദിക്കുന്ന നമ്മൾ ആ രക്ഷയെ നന്ദിയോടെ ഓർക്കുന്ന ദിനം. ഈ ലോകത്തിൽ തുടങ്ങി ഈ ലോകത്തിൽ അവസാനിക്കേണ്ടിയിരുന്ന നമ്മുടെ ആത്മാവിനും ശരീരത്തിനും ഈശോമിശിഹാ തന്റെ ഉത്ഥാനം വഴി പുതിയൊരു മാനം നൽകി. പൗലോസ് ശ്ലീഹ ഓർമിപ്പിക്കുന്നതുപോലെ "ഈശോ മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോട് കൂടെ ഉയിർപ്പിക്കും" (1. തെസ: 4-14) ഈശോമിശിഹ മരിച്ച് ഉത്ഥാനം ചെയ്തില്ലായിരുന്നെങ്കിൽ "നമ്മുടെ വിശ്വാസം വ്യർത്ഥം"(1 കോറി : 15: 4) ആയി മാറുമെന്ന് തിരിച്ചറിയുമ്പോഴാണ് ഈശോയുടെ ഉത്ഥാനത്തിന്റെ പ്രസക്തി നമുക്ക് വ്യക്തമാകുന്നത്

മരണത്തിനപ്പുറത്ത് ദൈവം നമുക്ക് സ്വർഗീയ ഭവനം ഒരുക്കി വെച്ചിരിക്കുന്നു. ആ കടമ്പ കടക്കാനുള്ള താൽക്കാലിക വാസസ്ഥലമാണ് ഈ ഭൂമിയിലെ ജീവിതം എന്ന് തിരിച്ചറിയുന്ന ക്രൈസ്തവൻ പ്രതീക്ഷയുള്ളവനായി മാറുന്നു. അതുകൊണ്ട് തന്നെ ഈ ഭൂമിയിലെ ദുരിതങ്ങളും അവസാനമുള്ള മരണവും ക്രിസ്ത്യാനിയെ ഭയപ്പെടുത്തുന്നില്ല. 'തിന്നുക,കുടിക്കുക

ആസ്വദിക്കുക' ഈ ലോകത്തിൽ മാത്രം ജീവിതമുള്ളൂ എന്ന ആശയം ജീവിത ദർശനമാക്കി ജീവിക്കുന്നവരുടെ ഇടയിൽ ക്രിസ്ത്യാനി വ്യതിരിക്തനായി മാറുന്നതും ഈ കാരണം കൊണ്ട് തന്നെയാണ്. ഈ യുഗത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വം ഈശോയുടെ ഉത്ഥാനത്തിന്റെ പ്രത്യാശയും സന്തോഷവും ചുറ്റുമുള്ളവർക്ക് പകരുക എന്നതാണ് എന്ന് ഓരോ ഉയർപ്പ് തിരുനാളും നമ്മെ ഓർമ്മപ്പെടുത്തു. മനുഷ്യൻ ശരീരത്തെ ക്കുറിച്ച് മാത്രം ചിന്തിക്കുന്നതും നാസ്തിക വാദവും ഭൗതിക ചിന്തകളുടെ അതിപ്രസരവും ആത്മഹത്യാ വർദ്ധനവും പ്രത്യാശ നഷ്ടപ്പെട്ടുപോകുന്ന ഒരു സമൂഹത്തിന്റെ സൂചനകൾ ആണ്. ദുരിതങ്ങളുടെ നിലയില്ലാക്കയത്തിൽ അകപ്പെട്ടിരിക്കുന്ന ആധുനിക മനുഷ്യന് പ്രത്യാശയുടെ സാന്ത്വനമാകാൻ കഴിയുന്നിടത്താണ് നാം ഈശോയുടെ യഥാർത്ഥ അനുഗാമികളായി മാറുന്നത്.

അപരനിലേക്ക് പ്രത്യാശയുടെ കിരണങ്ങൾ ചൊരിയാൻ ഉയിർപ്പ് തിരുനാൾ നമ്മെ വെല്ലുവിളിക്കുന്നു.

ഈസ്റ്റർ പുതിയൊരു തുടക്കത്തിന്റെ നാന്ദികുറിക്കലാണ്. ഈശോയുടെ ഉത്ഥാനം വരെ എല്ലാം മരണം കൊണ്ട് അവസാനിക്കുമയായിരുന്നു. പക്ഷേ, ഈശോയുടെ ഉയിർപ്പ് മരണത്തിനു മേൽ വിജയം നേടിക്കൊണ്ട് മനുഷ്യ വർഗത്തിന് മരണാനന്തര ജീവിതത്തിന്റെ ആരംഭമായി മാറി. രക്ഷാകര ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ ദൈവം നടത്തിയ നിർണായക ഇടപെടലുകൾ ഓരോ പുതിയ തുടക്കമായി നാം വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. ഉല്പത്തി പുസ്തകത്തിൽ സൃഷ്ടിയുടെ ആരംഭം കുറിക്കുന്ന ദൈവം, അടിമത്തത്തിന്റെ ചെങ്കടൽ കടന്ന് തേനും പാലും ഒഴുകുന്ന ദേശം നൽകി ഇസ്രായേലിനെ രൂപപ്പെടുത്തുന്ന ദൈവം, മനുഷ്യാവതാരത്തിലൂടെ ദൈവമനുഷ്യബന്ധത്തിന് കൂടുതൽ ഊഷ്മളത നൽകിയ ദൈവം ഒടുവിൽ ഉത്ഥിതനായി മരണം എന്ന സങ്കൽപ്പം പൊളിച്ചെഴുതി അവിടെ ഉത്ഥാനത്തെ പ്രതിഷ്ഠിക്കുന്നു. ഉത്ഥാനത്തിരുനാൾ നമുക്ക് തരുന്നതും പുതിയൊരു സാധ്യതയാണ്. ഇതുവരെ നാം തുടർന്നു പോരുന്ന പാപത്തിന്റെ, അന്ധകാരത്തിന്റെ, ജീവിതമുപേക്ഷിച്ച്, വിശുദ്ധിയുടെ, പ്രകാശത്തിന്റെ ഒരു ജീവിതം നമുക്ക് ആരംഭിക്കാം.

വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമ്മെ തനിയെ വിട്ട് സ്വർഗത്തിലേക്ക് കരേറിയവനല്ല നമ്മുടെ ദൈവം. മറിച്ച് തിരുസഭയുടെ ശിരസ്സായി മിശിഹാ നമ്മുടെ കൂടെ വസിക്കുന്നുണ്ട്.

സഭയുടെ അംഗങ്ങളായ നമ്മൾ ഓരോരുത്തരും അവിടുത്തെ മൗതീക ശരീരത്തിന്റെ അംഗങ്ങളായി സഭയോടൊത്ത് സ്വർഗീയ യാത്രയിൽ പങ്കുചേരുന്നു . ഈ സത്യമാണ് സ്വർഗത്തിലേക്ക് ആരോപണം ചെയ്യുന്നതിന് മുൻപ് ഈശോ ശിഷ്യൻമാരെ ഓർമിപ്പിക്കുന്നത്. “ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എൻറെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും പക്കലേക്ക് ആരോഹണം ചെയ്യുന്നു”. (യോഹ;20 17 ) സഭയുടെ അംഗങ്ങൾ എന്ന നിലയിൽ നാം എല്ലാവരും സഹോദരി സഹോദരന്മാരാണെന്ന ബോധ്യമാണ് ദൈവത്തെ പിതാവ് എന്ന് വിളിക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് നൽകുന്നത്. ആ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ദൈവമക്കൾ എന്ന നിലയിൽ സഹോദരങ്ങളുടെ സങ്കടങ്ങളിലേക്ക് മിഴികളും ഹൃദയവും തുറക്കാൻ ഈ ഉയിർപ്പുതിരുനാൾ നമ്മെ സഹായിക്കട്ടെ. ഉത്ഥിതന്റെ സന്തോഷവും സമാധാനവും നമ്മുടെ ജീവിതങ്ങളിൽ നിറയട്ടെ. ജോൺപോൾ രണ്ടാമൻ മാർപാപ്പ നമ്മെ ഓർമിപ്പിക്കുന്നതുപോലെ *‘we are eatser people and allelnin is our hym”.*



*ഫാ.അമൽ ചെമ്പകശ്ശേരി*

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ എഴുതി കവറിലിട്ട് 2024 മെയ് 31 ന് മുമ്പായി പള്ളി മുറിയിൽ എത്തിക്കുക. കവറിന് മുകളിൽ ബൈബിൾ ക്വിസ് എന്നെഴുതണം. ഒരു കുടുംബത്തിൽ നിന്നും ഒരാൾ മാത്രമേ പങ്കെടുക്കാവൂ. ശരിയുത്തരം നല്കുന്നവരിൽ നിന്നും നറുക്കെടുത്ത് 2 വിജയികൾക്ക് സമ്മാനം നല്കുന്നതാണ്.**

## വിവാഹ ഒരുക്ക സെമിനാർ – 2024
## MPC 2024

| | | |
|---|---|---|
| March | 14 - 16 | (Thursday-Saturday) Thalassery |
| April | 02-04 | (Tuesday -Thursday) Thalassery |
| | 18-20 | (Thursday-Saturday) Padannakkad |
| May | 16-18 | (Thursday-Saturday) Thalassery |

**അന്വേഷണങ്ങൾക്ക് -0490 2966974, 9400206974** website : www.familytly.com



# മാർവാലാഹ്

സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം അനുസരിച്ച് ഉയിർപ്പ് തിരുനാളിന്റെ എട്ടാം ദിവസം, അതായത് ഉയിർപ്പുകാലത്തിലെ രണ്ടാം ഞായർ പുതു ഞായർ ആയി സഭയിൽ ആചരിക്കുകയാണ്. ഈശോമിശിഹായിലൂടെ പുതുജീവൻ സ്വന്തമാക്കിയവരുടെ ഞായറാണ് പുതു ഞായർ. മാമ്മോദീസ സ്വീകരിക്കുന്നതിലൂടെ ആണല്ലോ ഒരു വ്യക്തി പാപാവസ്ഥയിൽ നിന്ന് പുതുജീവനിലേക്ക് പ്രവേശിക്കുന്നത്. ആദിമസഭയിൽ ഈശോയുടെ മരണത്തിന്റെയും ഉയിർപ്പിന്റെയും ഇടയിലുള്ള വലിയ ശനിയാഴ്ച മാത്രമാണ് മാമ്മോദീസാ നൽകിയിരുന്നത്. ഉയിർപ്പ് തിരുനാളിന് ശേഷമുള്ള ഒരാഴ്ചക്കാലം പുതുതായി മാമ്മോദീസാ സ്വീകരിച്ചവരുടെ ആഴ്ചയായിട്ടാണ് ആദിമ സഭയിൽ കരുതി പോന്നത്. വിശ്വാസികളുടെ ഞായർ എന്നും അന്നേദിവസം വെള്ള വസ്ത്രം ധരിച്ച് എത്തുന്നതിനാൽ വെളുത്ത ഞായറെന്നും ഈ ദിവസത്തെ വിളിക്കുന്ന പാരമ്പര്യവും സഭയിൽ ഉണ്ടായി. അങ്ങനെ നേരത്തെ വിശ്വാസം സ്വീകരിക്കാൻ ഇടയായ പഴയ തലമുറയും നവമായി വിശ്വാസം സ്വീകരിച്ച പുതുതലമുറയും ഒരുമിച്ച് വിശ്വാസം പ്രഖ്യാപിക്കുന്നതിന്റെയും പുതുതലമുറയ്ക്ക് വിശ്വാസം കൈമാറ്റം ചെയ്യുന്നതിന്റെയും അവസരമായിരുന്നു സഭയിലെ പുതു ഞായർ ആചരണം. അതിനാൽ പുതുഞായർ ആചരണം തലമുറകൾ തമ്മിലുണ്ടാകേണ്ട വിശ്വാസ കൈമാറ്റത്തെ കുറിച്ച് ചിന്തിക്കാനുള്ള അവസരമാണ്.

വിശ്വാസത്തിൽ തോമാശ്ലീഹായുടെ മക്കൾ എന്ന് അഭിമാനിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം പുതു ഞായറിന് മറ്റൊരു സവിശേഷത കൂടിയുണ്ട്. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ ഉത്ഥിതനായ മിശിഹായെ നേരിട്ട് കണ്ട് വിശ്വസിച്ച്, ആ വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞതിന്റെ ഓർമ്മദിനം കൂടിയാണിത്. മിശിഹാ രഹസ്യത്തിന്റെ ഈ അനാവരണത്തിൽ ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന് വലിയ പ്രസക്തിയുണ്ട്. കാരണം, മനുഷ്യനായ ഈശോമിശിഹാ പൂർണ്ണ ദൈവമാണ് എന്ന സത്യത്തിന്റെ ആദ്യത്തെ പരസ്യപ്രഖ്യാപനമാണ്,

പ്രഘോഷണമാണ് മാർത്തോമാ ശ്ലീഹായുടേത്. 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന തോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണം ആണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഏറ്റുപറച്ചിലായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നത്. ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്ക് സമാധാനം ആശംസിക്കുകയും പരിശുദ്ധാത്മാവിനെ നൽകി ശക്തിപ്പെടുത്തുകയും ദൗത്യം ഭരമേൽപ്പിച്ച് അവരെ കർമ്മനിരതരാക്കുകയും ചെയ്യുമ്പോൾ തോമാശ്ലീഹാ അവിടെ ഇല്ലായിരുന്നു. ഉത്ഥിതനായ ഈശോയെ കണ്ടതിന്റെ സന്തോഷം മറ്റു ശിഷ്യന്മാർ വിവരിക്കുമ്പോൾ അവരുടെ സാക്ഷ്യം അതേപടി സ്വീകരിക്കുവാൻ ശ്ലീഹാ തയ്യാറാകുന്നില്ല.ഇതിന്റെ പേരിൽ സംശയാലുവായ തോമാ എന്ന് ചിലരെങ്കിലും തോമാശ്ലീഹായെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ കേവലം സംശയാലു എന്നതിലുപരി മറ്റു ശിഷ്യർക്ക് കിട്ടിയ മിശിഹാനുഭവം തനിക്കും കിട്ടണം എന്ന സ്നേഹത്തോടെയുള്ള ഒരു ശാഠ്യമായിരുന്നു ഇത്. മറ്റുള്ളവർ പറഞ്ഞു കേട്ട മിശിഹാനുഭവത്തിൽ ഒതുങ്ങാതെ വ്യക്തിപരമായ ഒരു മിശിഹാനുഭവമാണ് ശ്ലീഹാ ഇവിടെ ആഗ്രഹിക്കുന്നത്. ഗാഢമായ വ്യക്തി ബന്ധം നൽകുന്ന സ്വാതന്ത്ര്യത്തോടെ തോമാശ്ലീഹാ ഈശോയോട് നിർബന്ധബുദ്ധി കാണിക്കുകയാണ്. എനിക്ക് വെറും അറിവ് മാത്രം കിട്ടിയാൽ പോരാ അറിവിനെ ബോധ്യമാക്കുന്ന അനുഭവം തന്നെ ലഭിക്കണം എന്ന വാശിയിലാണ് തോമാ ശ്ലീഹാ . ബുദ്ധിപരമായ ഒരു വിശ്വാസത്തേക്കാൾ ഹൃദയത്തിന്റെ തലത്തിലുള്ള അനുഭവത്തെയാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്. അടുത്തുവന്ന് ആണിപ്പാടുള്ള കൈകൾ കാണാനും പിളർക്കപ്പെട്ട പാർശ്വത്തിൽ കൈ വയ്ക്കാനും ഈശോ തോമ്മാശ്ലീഹായോട് ആവശ്യപ്പെട്ടപ്പോൾ വ്യക്തിപരമായ അനുഭവത്തിന് ഈശോ ശ്ലീഹായെ ക്ഷണിക്കുകയായിരുന്നു. അന്ത്യത്താഴവേളയിൽ കർത്താവിന്റെ പാർശ്വത്തിൽ ചാരിയിരുന്ന പ്രേഷ്ഠ ശിഷ്യനായ യോഹന്നാനുണ്ടായ അനുഭവത്തിന് സമാനമായ ഒരു അനുഭവത്തിനുള്ള ക്ഷണമായിരുന്നു അത്. ആ ക്ഷണം ലഭിച്ച മാത്രയിൽ തോമാ ഉറക്കെ വിളിച്ചുപറഞ്ഞു, 'മാർവാലാഹ് ', എന്റെ കർത്താവേ എന്റെ ദൈവമേ. നീ എന്റെ കർത്താവും എന്റെ ദൈവവുമാണ് എന്ന പ്രഖ്യാപനമായിരുന്നു തോമാശ്ലീഹാ നടത്തിയത്. പഴയ നിയമത്തിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നത് താൻ യാഹ് വേയാണ്, കർത്താവാണ്, എന്ന വിശേഷണത്തോടെയാണ്. പഴയനിയമത്തിൽ പിതാക്കന്മാരുടെ ദൈവമായ, ഇസ്രായേൽ ജനത്തെ അടിമത്തത്തിൽ നിന്ന് വിമോചിപ്പിച്ച, മരുഭൂമിയിലൂടെയുള്ള യാത്രയിൽ വഴി നടത്തിയ, മോശയ്ക്ക് ശക്തി പകർന്ന, കാനാൻ ദേശത്തേക്കുള്ള യാത്രയിൽ അവരെ കൈപിടിച്ച് നടത്തിയ, നിയമവും പ്രവാചകന്മാരും ആരെക്കുറിച്ചാണോ മുന്നേ പറഞ്ഞു

വച്ചിരുന്നത്, ആ കർത്താവും ആ ദൈവവുമാണ് ഈശോമിശിഹാ എന്നുള്ള പരസ്യ പ്രഖ്യാപനമായിരുന്നു തോമാശ്ലീഹായുടേത്.

ഗുരുവിന്റെ പാർശ്വത്തിൽ നിന്ന് അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തിന്റെ ചൂട് നെഞ്ചിലേറ്റി അദ്ദേഹം ഭാരതത്തിലെത്തി നമ്മുടെ പൂർവ്വികരോട് തന്റെ മിശിഹാനുഭവം പങ്കുവച്ചു. ഞങ്ങൾ കേൾക്കുകയും സ്വന്തം കണ്ണുകൾ കൊണ്ട് നോക്കി കാണുകയും സ്വന്തം കൈകൾ കൊണ്ട് സ്പർശിച്ച് അറിയുകയും ചെയ്തവനായ ജീവന്റെ വചനത്തെ കുറിച്ചാണ് നിങ്ങളോട് പ്രഘോഷിച്ചത് എന്ന് യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിന്റെ ആരംഭത്തിൽ പറയുന്നതുപോലെ തോമാശ്ലീഹായ്ക്കും പറയുവാൻ കഴിഞ്ഞു. നമ്മുടെ വിശ്വാസത്തിന്റെയും ആധ്യാത്മികതയുടെയും അടിസ്ഥാനം വിശ്വാസത്തിൽ നമുക്ക് ജന്മം നൽകിയ തോമാശ്ലീഹായുടെ ഈ മിശിഹാനുഭവമാണ്. ഈ തനതായ മിശിഹാനുഭവം പങ്കുവച്ചത് സ്വീകരിച്ച നമ്മുടെ പൂർവ്വികരാണ് മാർത്തോമാ നസ്രാണികൾ ആയി രൂപാന്തരപ്പെട്ടത്. തോമ്മാശ്ലീഹാ പങ്കുവച്ച ആ മിശിഹായിൽ ആകൃഷ്ടരായ നമ്മുടെ പൂർവ്വികർ ഈശോയുടെ നാമത്തിൽ മാമ്മോദീസാ മുങ്ങി വിശ്വാസികളാവുകയായിരുന്നു. അങ്ങനെ, കാണാതെ വിശ്വസിക്കുന്ന ഭാഗ്യവാന്മാരുടെ ഗണത്തിലേയ്ക്കു പ്രവേശിക്കുവാനുള്ള ഉപരിഭാഗ്യം നമ്മുടെ പൂർവികർക്കും നമുക്കും ലഭിച്ചു.

ഇന്ന് പുതുഞായറാചരിക്കുമ്പോൾ, ഭാരതസഭയെയും സഭയിലൂടെ ദൈവം നമുക്ക് നൽകുന്ന നിരവധിയായ നന്മകളെയും ഓർത്ത് മാർത്തോമാ ശ്ലീഹാ വഴിയായി നമുക്ക് നല്ല ദൈവത്തിന് നന്ദി പറയാം. സമാനതകൾ ഇല്ലാത്ത ഒട്ടേറെ പ്രതിസന്ധികൾക്ക് നടുവിലും തങ്ങൾക്ക് ലഭിച്ച ക്രിസ്തീയ വിശ്വാസം അഭംഗുരം ജീവിക്കുകയും തലമുറകൾക്ക് കൈമാറ്റം ചെയ്യുകയും രണ്ടായിരം വർഷങ്ങൾക്കുശേഷവും ഈ വിശ്വാസദീപം ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുകയും ചെയ്ത നമ്മുടെ പൂർവ്വികരെ ഓർത്ത് നമുക്ക് അഭിമാനിക്കാം. ഒപ്പം നമ്മുടെ കുടുംബങ്ങളെ വിശ്വാസത്തിന്റെയും ധാർമികതയുടെയും പരിശീലന കളരികളാക്കി നമുക്ക് മാറ്റാം. അങ്ങനെ തലമുറകളിലേക്ക് വിശ്വാസത്തിന്റെ ദീപം അണയാതെ കൈമാറാൻ നമുക്കും സാധിക്കട്ടെ. ഈശോയിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ ഒട്ടേറെ പീഡനങ്ങളിലൂടെ കടന്നു പോകുന്ന നമ്മുടെ ഭാരതസഭയെയും എല്ലാ മിഷനറിമാരെയും വിശ്വാസത്തിൽ നമ്മുടെ സഹോദരങ്ങളായവരെയും പ്രാർത്ഥനാ പൂർവ്വം നമുക്ക് അനുസ്മരിക്കാം. പുതുഞായർ ആചരിക്കുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം. തോമാശ്ലീഹായുടെ ആ വിശ്വാസധീരത, വിശ്വാസ സ്ഥൈര്യം ഞങ്ങൾക്കും നൽകണമേ എന്ന്. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായോട് ചേർന്ന് നമുക്കും പ്രഖ്യാപിക്കാം, 'എന്റെ കർത്താവേ എന്റെ ദൈവമേ'.

**സി. ലില്ലി DST**




സ്കൂൾ ഓഫ് ഷോറിൻ ജി റീ യു
World Head Quarter Jappan OKINAWA
കരാട്ടെ
ട്രെയിനിംഗ് സെന്റർ
ചെമ്പേരി
(ഇവാന ജ്വല്ലറിക്ക് സമീപം)
കരാട്ടെ ക്ലാസ്സ്
സുംബ ഡാൻസ്
(Girls Only)
ക്ലാസിക്കൽ ഡാൻസ്
10 വയസ്സിൽ താഴെയുള്ള
കുട്ടികൾക്ക് സ്പെഷ്യൽ ബാച്ച്
ഹെഡ് ക്വാർട്ടേഴ്സ്
ചെമ്പേരി
(ഇവാന
ജ്വല്ലറിക്ക് സമീപം)
പയ്യാവൂർ
(മേഴ്സി ഹോസ്പിറ്റലിന്
സമീപം)
ഞങ്ങളുടെ ബ്രാഞ്ചസ്
പൂപ്പറമ്പ്
ചെളിംപറമ്പ്
ഉളിക്കൽ
കരുവൻചാൽ
ശ്രീകണ്ഠപുരം
കുറുമാത്തൂർ
SHIHAN RAJU MATHEW
National Chief Instructer
6th Dan Black Belt Jappan
3rd Dan Black Belt Kubdo Jappan
KAI National Refery
Contact: 9747336621
Emai: senseirajumathewk4@gmail.com
Contact : 9747336621
പരിശീലനം നൽകുന്നത്
വുഷു, ജൂഡോ, ഫെൻസിംഗ്, ബോക്സിംങ്, കിക് ബോക്സിംങ്
(കേരള സ്റ്റേറ്റ് സ്പോർട് കൗൺസിൽ അംഗീകൃതം)


Happy Feast
ഏപ്രിൽ 24ന് നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന പ്രിയബഹുമാനപ്പെട്ട
ജോർജ് കാഞ്ഞിരക്കാട്ടച്ചന്
ചെമ്പേരി
ഇടവകാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ


ചെമ്പേരി ഫൊറോനപള്ളിയുടെ
അസി.വികാരിയായി നിയമിതനായ
ബഹു: അമൽ ചെമ്പകശ്ശേരി അച്ചന്
ചെമ്പേരി ഇടവകയിലേക്ക്
സ്വാഗതം







തിരുനാളിനോടനുബന്ധിച്ച് വിവാഹ രജത– സുവർണ ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചപ്പോൾ



കഴിഞ്ഞ 20 വർഷത്തോളമായി
ചെമ്പേരിയിൽ
പ്രവർത്തിച്ചുവരുന്ന
അച്ചൂസ് വിഷ്വൽ മീഡിയ
ഇനി
ചെളീംപറമ്പിലും
Contact
755 88 33 413
9400 30 30 40
9745 57 36 13
achoos
Visual Media
AADI'S
SWEET SURPRISES
നിങ്ങൾ നൽകുന്ന
ഓരോ സമ്മാനവും
എന്നും മധുരിക്കുന്ന
സർപ്രൈസ് ആകട്ടെ
Aadi's
SWEET
SURPRISES
AND
ACHOOS
STUDIO
Chelimparamba & Chemperi
GIFT ITEMS
PHOTO FRAMES
STUDIO VIDEO
LIVE STREAMING
ചെമ്പേരിയിൽ നിന്നും എടുത്ത എല്ലാ ഫോട്ടോകളും ചെളിംപറമ്പിലും ലഭിക്കുന്നതാണ്
ഇനി പടികൾ കയറാതെ ഫോട്ടോ എടുക്കാം





# ജപമാല റാണിയെ ഓർക്കുമ്പോൾ....

ദൈവത്തിൻ കല്പന മനസ്സാ വരിച്ചവൾ -
ലോക സൃഷ്ടവിന്നാജ്ഞയാൽ സർവം ത്യജിച്ചവൾ
ദൈവസുതൻ ഭൂവിലവതീർണ്ണനാകുവാൻ
സർവ്വം സഹയായ് നമിച്ചു നിന്നോൾ.

ജന്മപാപം തെല്ലുമേശാത്തവൾ
തീഷ്ണമാം ഭക്തിയാൽ പ്രോജ്ജ്വലയായവൾ
സൃഷ്ടാവിൻ കല്പനയ്ക്കുത്തരമേകുവാൻ
തഥാഗുണ ചൈതന്യമുൾക്കൊണ്ടവൾ.

സമ്പൂർണ്ണയാമൊരു ദൈവേഷ്ട ചിത്തയെ
കണ്ടെത്തിയീശൻ മനുജ കുലത്തിലെ
മഹനീയമായൊരു മണിമാലിനിയെ
തന്നോമൽ പുത്രനു ജന്മമേകാൻ.

അവളാണു പരിശുദ്ധ മറിയം മഹോന്നത
വിശുദ്ധ യൗസേപ്പിന്റെ പത്നി പരിവൃത
യാചിയ്ക്കുന്നോർക്കു തൻ വാക്കിൽ വിശ്വസ്തത-
യൊട്ടുമേ ചോരാതെ നൽകും ഫലദായക.

പരിശുദ്ധ മറിയത്തിന്നപദാനം പാടുവാൻ
ഒക്ടോബർ മാസമണഞ്ഞുവല്ലോ
പരിപാവനമീ ജപമാലയർപ്പിയ്ക്കാൻ
പരിശ്രമിയ്ക്കാം നമുക്കത്യാദരാൽ.

ജപമാല യജ്ഞത്താൽ കിട്ടുമെന്തും
തപം ചെയ്തു പ്രാർത്ഥിക്കിലെന്നുമെന്നും
പാപിയേയിത്രമേൽ സ്നേഹിച്ചിടുന്നൊരു
പെറ്റമ്മയീ ഭൂമിയിലില്ല നൂനം!



ജോസ്
പെരുമ്പനാനിക്കൽ




## റവ.ഫാ. ജോസഫ് കൂറ്റാരപ്പള്ളി (1986 – 89)

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ട് അച്ചന് ശേഷം ചെമ്പേരിയുടെ അജപാലകനായി സ്ഥാനമേറ്റത് ബഹുമാനപ്പെട്ട ജോസഫ് കുറ്റാരപ്പള്ളി അച്ചനാണ്.അദ്ദേഹം വളരെ ദീർഘവീക്ഷ ണത്തോടെ ഇടവകയെ നയിച്ചു. വളരെ കൃത്യനിഷ്ഠയോടെയാണ് ഇടവകയുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ നിർവഹിച്ചത്.പള്ളിവക സ്ഥലം അളന്ന് തിട്ടപ്പെടുത്തി മതിൽകെട്ടി ഭദ്രമാക്കി.പള്ളിയിലേക്ക് മനോഹരമായ പ്രവേശന കവാടം നിർമ്മിച്ചതും ബഹുമാനപ്പെട്ട ജോസഫ് കുറ്റാരപ്പള്ളി അച്ച നാണ്.തലശ്ശേരി കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയിൽ ആദ്യമായി ഒരു കോൺക്രീറ്റ് ഇരുനില കെട്ടിടം ഹൈസ്കൂളിന് വേണ്ടി നിർമ്മിച്ചത് അച്ചന്റെ ദീർഘവീക്ഷണത്തിന് ഉദാഹരണമാണ്. പിന്നീട് ആ കെട്ടിടം ഉള്ളത് കൊണ്ട് ചെമ്പേരിക്ക് ഒരു ഹയർസെക്കൻഡറി അനുവദിക്കാൻ കാരണമായി.പാലായിലെ പ്ലശനാൽ ഇടവകയിലെ സമ്പന്ന കുടുംബത്തിൽ നിന്നും വൈദികൻ ആകാൻ തലശ്ശേരി എത്തിയ അച്ചൻ കുടുംബ സ്വത്തായി കിട്ടിയ പണം മുഴുവൻ ബാലഭവനുകൾക്കും അനാഥാലയങ്ങൾക്കും വിതരണം ചെയ്തു . അനാഥരോടും ആലംബഹീനരോടും എപ്പോഴും പ്രത്യേക കരുണ അച്ചനുണ്ടായിരുന്നു.ചെമ്പേരിയിലെ ബാലഭവനിലെ കുട്ടികളെ സ്വന്തം പോലെ കരുതുകയും അവരുടെ ഏത് ആവശ്യങ്ങൾക്കും അച്ചൻ ബദ്ധശ്രദ്ധനായിരുന്നു.ചുണ്ടക്കുന്ന് എസ്റ്റേറ്റിലെ മാനേജർ ആയിരുന്ന ദേവസ്യ ഈരത്തറ അച്ചനുമായി വളരെ സൗഹൃദം പുലർത്തുകയും ഇടവകയുടെ എല്ലാ കാര്യങ്ങളിലും അച്ചന്റെ

ഉപദേശം തേടുകയും ചെയ്തിരുന്നു. ചെമ്പേരി ഇടവക യിലെ എല്ലാ ഭക്തസംഘടനകളെയും മതാധ്യാപകരെയും ബാലഭവൻ കുട്ടികളെയും അച്ചന്റെ പാലായിലുള്ള ഭവനത്തിൽ കൊണ്ടുപോവുകയും വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തതും പഴയ തലമുറ ഇന്നും നന്ദിയോടെ ഓർക്കുന്നു. അച്ചന് സ്വന്തമായി ഉണ്ടായിരുന്നത് ഒരു ബൈക്ക് ആയിരുന്നു. ഇടവകയിലെ കുടുംബങ്ങളിലുള്ള ഏത് ആത്മീയ കാര്യങ്ങൾക്കും രാവെന്നോ പകലെന്നോ ഇല്ലാതെ അച്ചൻ ബൈക്കിൽ എത്തി ആത്മീയ കാര്യങ്ങൾ നിർവഹിച്ചിരുന്നു.1989 മെയ് മാസം ചെമ്പേരി ഇടവകയിലെ സേവനം പൂർത്തിയാക്കി അച്ചൻ തോമാപുരം പള്ളിയുടെ വികാരിയായി യാത്രയായി. തുടർന്ന് തലശ്ശേരി അതിരൂപതയുടെ വിവിധങ്ങളായ പള്ളികളിൽ സേവനമനുഷ്ഠിച്ചതിനുശേഷം കരുവഞ്ചാൽ ശാന്തി ഭവനിൽ വിശ്രമ ജീവിതം നയിച്ചു. 2020 ഏപ്രിൽ മാസം പത്താം തീയതി അച്ചൻ സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ടു.തുടർന്ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിലെ സിമിത്തേരിയിൽ അച്ചൻറെ ഭൗതികശരീരം അടക്കം ചെയ്തു. അച്ചനിലൂടെ ചെമ്പേരി ഇടവകയ്ക്കും നമുക്ക് ഓരോരുത്തർക്കും ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കാം അച്ചന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**തയ്യാറാക്കിയത്** : **ഷൈബി കുഴിവേലിപ്പുറത്ത്**
**സജീവ് ചെറുവത്തൂർ**

അടുത്ത ലക്കം ലൂർദ്ജ്യോതിയിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനം, കഥ, കവിത (ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായവ) കത്തുകൾ, തുടങ്ങിയവ പേരും ഫോൺ നമ്പറും, ഫോട്ടോയും ഉൾപ്പെടെ 2024 മെയ് 31ന് മുമ്പായി പള്ളിമുറിയിൽ എത്തിക്കേണ്ടതാണ്. കവറിന്റെ പുറത്ത് ഉള്ളടക്കം രേഖപ്പെടുത്തിയിരിക്കണം.



# യേശുവിന്റെ അമ്മ; എന്റെയും സഭയുടെയും



**ഇ**താ നിന്റെ അമ്മ (യോഹ: 19:27) എന്ന തിരുവചനത്തിലൂടെ ദൈവ മാതാവിനെ അമ്മയായി ലഭിച്ച ഭാഗ്യ ജനതയാണ് നാം. യേശു തന്നെയാണ് മറിയത്തെ തന്റെ സഭയുടെ മാതാവായി പ്രഖ്യാപിച്ചത്. അതുവഴി നമ്മുടെ സംരക്ഷണ ചുമതല മറിയത്തെ ഏല്പി ക്കുകയായിരുന്നു. മംഗളവാർത്താ സമയത്ത് "ഇതാ കർത്താവിന്റെ ദാസി" എന്ന ദൈവ തിരുമനസ്സിന് സമ്മതം മൂളിയ നിമിഷത്തിൽ ആരംഭിച്ച മറിയത്തിന്റെ മാതൃത്വം സ്വർഗ്ഗത്തിലും അവൾ തുടരുകയാണ്. തന്റെ പുത്രനിൽ വിശ്വസിക്കുന്നവരെ സ്വർഗത്തിൽ ഇരുന്നുകൊണ്ട് അമ്മ സംരക്ഷിക്കുകയാണ്.

വേദപാരംഗതനായ വി.തോമസ് അക്വിനാസിന്റെ അഭിപ്രായത്തിൽ "കപ്പൽ സഞ്ചാരികൾക്ക് ദിശകാണിക്കുന്ന പ്രകാശഗോപുരം പോലെയാണ് ക്രൈസ്തവർക്ക് ഈ ലോകജീവിതമാകുന്ന തീർത്ഥാടനത്തിൽ പരിശുദ്ധ കന്യാമറിയം"

സഭയുടെ മരിയഭക്തി; വിശ്വാസികളെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കാനുള്ള മാർഗമാണ് "അവൻ പറയുന്നതുപോലെ ചെയ്യുക" എന്നാണ് പരി.മറിയം നമ്മോട് ആഹ്വാനം ചെയ്യുന്നത്. അവളിലൂടെ പ്രകടമാകുന്നത് ദൈവത്തിന്റെ ശക്തിയും മാതൃസഹജമായ വാത്സല്യവുമാണ്. പരിശുദ്ധ അമ്മ ലക്ഷ്യമല്ല, വഴികാട്ടിയാണ്. ക്രിസ്തുവിനു മുമ്പിൽ മധ്യസ്ഥയും വിശ്വാസികൾക്ക് മാതൃകയുമാണ്.

പൂക്കാലത്തിന്റെ മണവും നിറവും സൗന്ദര്യവും മെയ് മാസം പ്രകാശിപ്പിക്കുമ്പോൾ പരിശുദ്ധ അമ്മയെ കുറിച്ചുള്ള ധ്യാനവും വണക്കവും അമ്മയിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളും നമ്മുടെ ജീവിതത്തെയും മനോഹരമാക്കുന്നു. റോമിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളിൽ അവിശ്വസ്തതയും അധാർമികതയും

വർധിച്ചപ്പോൾ അതിന് പരിഹാരമായി ഈശോ സഭാ വൈദികനായ ഫാദർ ലറ്റോമിയ മെയ്മാസ വണക്കത്തിന് ആരംഭം കുറിച്ചു. 1945 മെയ് മാസം മരിയൻ മാസമായി പന്ത്രണ്ടാം പിയൂസ് മാർപാപ്പ പ്രഖ്യാപിച്ചു. മെയ് 31 മറിയത്തിന്റെ സന്ദർശന തിരുനാളായി സഭ ആചരിക്കുന്നു. 1965 ഏപ്രിൽ 25ന് വി.പോൾ ആറാമൻ മാർപാപ്പ പുറപ്പെടുവിച്ച "മെൻസോ മയോ" എന്ന ചാക്രിക ലേഖനത്തിൽ മെയ് മാസ വണക്കത്തിന്റെ മഹിമയും അതുവഴി മാതാവിൽ നിന്ന് ലഭിക്കുന്ന ദൈവികഅനുഗ്രഹദാനങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

പരി.അമ്മയോടുള്ള ബഹുമാനത്തിന്റെ പ്രകടനമാണ് കേരള ക്രൈസ്തവ കുടുംബങ്ങളിൽ ഇന്നും മുടക്കം കൂടാതെ തുടരുന്ന ജപമാല പ്രാർത്ഥന. തിന്മകളെ പ്രതിരോധിക്കുവാനുള്ള ശക്തമായ ഉപകരണമാണ് ജപമാല. മറിയത്തിന്റെ മാതൃസഹജമായ സഹായത്തിനുള്ള മാർഗമാണത്. ജപമാലയിലെ ഓരോ പ്രാർത്ഥനയും ബൈബിൾ നിവേശിതമാണ്. ഈശോയുടെ ജീവിതത്തിലെ രക്ഷാകര സംഭവങ്ങൾ ഓരോന്നും ധ്യാനിപ്പിക്കുന്ന ജപമാല സാത്താനെതിരെയുള്ള ചമ്മട്ടിയുമാണ്. ദൈവാനുഗ്രഹം കുടുംബങ്ങൾക്ക് ലഭ്യമാകാൻ ജപമാല ഭക്തിയെക്കാൾ നല്ലത് മറ്റൊന്നില്ല എന്നാണ് പന്ത്രണ്ടാം പിയൂസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത്.


"കന്യകാമറിയം.... യഥാർത്ഥത്തിൽ ദൈവത്തിന്റെയും രക്ഷകന്റെയും അമ്മയായി അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന മറിയം ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളുടെയും അമ്മയാണ്. എന്തുകൊണ്ടെന്നാൽ സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളായ വിശ്വാസികളുടെ ജനനം സാധ്യമാക്കുന്നതിൽ അവൾ തന്റെ സ്നേഹത്താൽ സഹകരിച്ചു. ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടെയും അമ്മയാണ്." (സിസിസി 963)

വി. ഫ്രാൻസിസ് പാപ്പയുടെ അഭിപ്രായത്തിൽ നമ്മുടെ അമ്മയായ മറിയത്തിന്റെ സന്നിധിയിൽ നിന്നും ജീവിതയാത്രയിലെ നേരായ വഴികൾ നമുക്ക് പഠിക്കാം. തന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളെ നിരന്തരം നവീകരിച്ചും ബലപ്പെടുത്തിയും സകലരുടെയും ഹൃദയത്തിൽ മുഴങ്ങുന്ന ദൈവസ്നേഹത്തിന്റെ സ്പന്ദനം ശ്രവിക്കാൻ കരുത്ത് നൽകിയും പരിശുദ്ധ അമ്മ തന്റെ പക്കൽ വരുന്നവരെ വളർത്തുന്നു.

"അമ്മേ, മെയ്മാസ റാണി ഞങ്ങൾ അമ്മയെ സ്നേഹിക്കുന്നു. അമ്മയുടെ സ്നേഹത്താൽ ഞങ്ങളെയും പൊതിഞ്ഞു സംരക്ഷിക്കേണമേ"



**സോണിയ സജീവ്**
**ചെറുവത്തൂർ**



**ചെമ്പേരിയിലെ ആദ്യകാല കുടിയേറ്റ കർഷകനും സാമൂഹ്യ പ്രവർത്തകനുമായ ശ്രീ കുര്യാക്കോസ് പുതിയേടത്ത് പറമ്പിലും ആയി നടത്തിയ അഭിമുഖത്തിൽ നിന്ന്**

**** നാട്ടിൽ എവിടെയാണ് ജനിച്ചത്? മലബാറിലേക്ക് ഏത് വർഷമാണ് കുടിയേറിയത്?***

പാലായിലെ കടപ്ലാമറ്റം ഇടവകയിൽ 1949ലായിരുന്നു ജനനം. പുതിയേടത്ത് പറമ്പിൽ കുര്യാക്കോസ് മറിയം ദമ്പതികളുടെ 7 മക്കളിൽ ഏറ്റവും ഇളയ മകനാണ് ഞാൻ. 1954 ലാണ് ചെമ്പേരിയിൽ എത്തുന്നത്.

****നാട്ടിൽ നിന്നും മലബാറിലേക്ക് കുടിയേറാൻ ഉണ്ടായ സാഹചര്യം എന്താണ്?***

ചാച്ചനും അമ്മയും ഏഴുമക്കളും ചാച്ചന്റെ പെങ്ങളും വല്യമ്മയും അടങ്ങുന്ന കുടുംബം ആയിരുന്നതിനാൽ ജീവിക്കാനുള്ള സാമ്പത്തിക ഭദ്രത ഇല്ലായിരുന്നു. അതുകൊണ്ട് മലബാറിലേക്ക് കുടിയേറാൻ തീരുമാനിച്ചു. ഞങ്ങൾ എല്ലാവരും കൂടി ആലുവയിൽ നിന്ന് ട്രെയിനിൽ പോന്നു. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ബോട്ടിൽ ചെങ്ങളായി വരെ വന്നു. അവിടെനിന്ന് നടന്നാണ് ചെമ്പേരിയിൽ എത്തുന്നത്.

**** ചെമ്പേരിയിൽ എത്തിഎവിടെയാണ് താമസം ആരംഭിക്കുന്നത്?***

ചെമ്പേരിയിൽ നാട്ടിൽ നിന്ന് തന്നെ ചാച്ചന്റെ പരിചയക്കാരൻ ആയിരുന്ന ആ സമയത്ത് വളയംകുണ്ടിൽ താമസക്കാരൻ ആയ ശ്രീ കുര്യാക്കോസ് ഇട്ടിയപ്പാറയുടെ വീട്ടിലേക്കാണ് ഞങ്ങളെത്തിയത്.

ഞങ്ങൾ വരുന്നതിന് മുമ്പ് തന്നെ ചാച്ചൻ ഒരേക്കർ സ്ഥലം വളയംകുണ്ടിലെ വടക്കെമൂല എന്ന സ്ഥലത്ത് വാങ്ങിയിരുന്നു. അധികം താമസിക്കാതെ അവിടെ വീടുണ്ടാക്കി അങ്ങോട്ട് മാറി. അന്ന് റോഡ് സൗകര്യങ്ങൾ ഒന്നും തന്നെയില്ല. നടപ്പാത മാത്രമേ ഉണ്ടായിരുന്നുള്ളൂ.

*** സ്കൂൾ വിദ്യാഭ്യാസം എങ്ങനെ?**

നാട്ടിൽ നിന്നും വരുമ്പോൾ എനിക്ക് അഞ്ചു വയസ്സ് ആയിരുന്നു. ചെമ്പേരി നിർമല സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നു. അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ചന്തുട്ടി മാസ്റ്റർ, കുമാരൻ മാസ്റ്റർ, കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുടെ ശിക്ഷണത്തിൽ വിദ്യാഭ്യാസം ആരംഭിച്ചു. അന്നത്തെ സ്കൂൾ മാനേജർ വാരികാട്ട് അച്ചനായിരുന്നു. വാരികാട്ടച്ചൻ മിക്കവാറും ദിവസങ്ങളിൽ സ്കൂളിൽ വന്ന് കുട്ടികളുമായി ചങ്ങാത്തം കൂടുമായിരുന്നു.

*** ചെമ്പേരിയിൽ താമസം ആരംഭിക്കുമ്പോൾ ഉണ്ടായ ആദ്യകാല അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

ആദ്യകാലത്ത് റോഡില്ല, വണ്ടിയില്ല, സ്കൂളിൽ നടന്നാണ് പോയിരുന്നത്. പ്രധാന വരുമാന മാർഗ്ഗം തെരുവപ്പുൽ കൃഷിയായിരുന്നു. അയൽപക്കക്കാർ ഒത്തൊരുമിച്ച് പൂപ്പറമ്പിൽ പോയി കൃഷിചെയ്ത് പുൽതൈലം വീതിച്ചെടുക്കും. കൂടാതെ കപ്പ. കാച്ചിൽ, ചേമ്പ്, ചാമ, മുത്താറി, തുവര എന്നിവയും കൃഷിചെയ്യും. കാട്ട് മൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ അയൽക്കാർ പരസ്പരം പങ്കുവെക്കും. അടുത്തവർഷം തിരികെ നൽകുകയും ചെയ്യും.

വടക്കേ മൂലയിൽ താമസം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ ചെമ്പേരിക്ക് റോഡ് വെട്ടി. നേതൃത്വം കൊടുത്തത് ചാച്ചനും ജ്യേഷ്ഠൻ ആഗസ്റ്റിനും ഓരത്തേൽ ഓനച്ചൻ, ഇട്ടിയപ്പാറയിൽ കുര്യാക്കോസ്, കരിക്കാട്ട് കണ്ണിയിൽ ജോസഫ് എന്നിവരുമാണ്. ഇപ്പോൾ പ്ലസ് ടു കെട്ടിടം ഇരിക്കുന്ന സ്ഥലത്ത് നിർമല ഹാൾ എന്ന ഷെഡ്ഡിലാണ് വിശുദ്ധ കുർബാന അർപ്പിച്ചിരുന്നത്. ചാച്ചൻ എല്ലാ ദിവസവും ദിവ്യബലിയിൽ പങ്കുകൊള്ളുകയും രോഗീ സന്ദർശനം നടത്തുകയും ചെയ്യുമായിരുന്നു.

***ചെമ്പേരിയുമായുള്ള ബന്ധത്തെപ്പറ്റി വിശദീകരിക്കാമോ?**

ആരംഭം മുതൽക്ക് തന്നെ എനിക്ക് ചെമ്പേരിയുമായി നല്ലൊരു ആത്മബന്ധം നേടിയെടുക്കാൻ സാധിച്ചു.

ചാച്ചൻ (കുര്യാക്കോസ്) കൈക്കാരനായിരുന്ന കാലത്താണ് ചെമ്പേരി ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കുന്നത്. ഉദ്ഘാടനത്തിന് ശേഷം ആശുപത്രിയിലെ ആദ്യ രോഗി എന്റെ അമ്മയായിരുന്നു. ചികിത്സയ്ക്കായി ചെമ്പേരിയെ ആണ് ആശ്രയിച്ചിരുന്നത്. വളരെകാലം ഞാൻ ചെമ്പേരി ഇടവകയിൽ കൈക്കാരനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇടവക വികാരിമാരായിരുന്ന റവ ജോൺ കല്ലുങ്കൽ റവ. മാത്യു പാലമറ്റം റവ.ജോർജ് നരിപ്പാറ എന്നിവരുടെ കാലഘട്ടത്തിലാണ് സേവനം ചെയ്തത് ദീർഘകാലം വാർഡ് പ്രതിനിധിയായി സേവനം ചെയ്തു.

***സാമൂഹിക മേഖലയിലേക്ക് കടന്നു വരുവാൻ ഉണ്ടായ പ്രചോദനം എന്തായിരുന്നു?**

ചെമ്പേരി ഇടവകയിൽ സിസ്റ്റർ ആനിമേരിയുടെ

നേതൃത്വത്തിൽ നടത്തിയിരുന്ന സൊഡാലിറ്റി, മിഷൻ ലീഗ് എന്നിവയിൽ സ്കൂളിൽ ചേർന്നത് മുതൽ പ്രവർത്തിക്കാൻ അവസരം ഉണ്ടായി. റവ. മാത്യു എം ചാലിൽ, റവ.ഫാ.ജോസ് കരിക്കാട്ട് കണ്ണിയിൽ എന്നിവരുടെ വൈദിക പട്ടത്തിന് മിഷൻ ലീഗിന്റെ പ്രതിനിധിയായി ആശംസ പറയാൻ സാധിച്ചത് മറക്കാനാവാത്ത ഒരു അംഗീകാരമാണ്. അന്നുമുതൽ പല വേദികളിലും പ്രസംഗിക്കുവാൻ അവസരം ലഭിച്ചു. അൾത്താര ബാലനായി ചെറുപ്പം മുതൽ ശുശ്രൂഷ ചെയ്തിരുന്നു.

*** ഫ്രാൻസിസ്കൻ അല്മായ സഭയിൽ എപ്പോൾ മുതലാണ് പ്രവർത്തനം ആരംഭിക്കുന്നത്?**

ഫ്രാൻസിസ്കൻ അല്മായ സഭയിൽ എന്റെ ചാച്ചൻ പാലായിൽ നിന്ന് തന്നെ സജീവ പ്രവർത്തകനായിരുന്നു. ചെമ്പേരിയിൽ എത്തിയതിനു ശേഷവും കൂട്ടുകാരോടൊത്ത് ഈ സഭയുടെ പ്രാർത്ഥനകൾ തുടർന്നുപോന്നു. ചാച്ചന്റെ സഹപാഠി യായിരുന്ന ഫാ.ലിയോ കപ്പുച്ചിൻ 1963 ചെമ്പേരിയിൽ എസ് എഫ് ഒ.സീനിയേഴ്സ് എന്ന പേരിൽ സംഘടനയ്ക്ക് തുടക്കം കുറിച്ചു. 1973 ൽ യുവാക്കളുടെ യൂണിറ്റ് ആരംഭിച്ചപ്പോൾ മുതൽ ഞാനും പ്രവർത്തകനായി മാറി.

1980ൽ ഞങ്ങളെ തലശ്ശേരിയിലേക്ക് വിളിക്കുകയും എസ് എഫ് ഒ രൂപത പ്രസിഡണ്ടായി ശ്രീ മാനുവൽ കൊല്ലിച്ചിറയും സെക്രട്ടറിയായി ഞാനും നിയമിതനായി. തുടർന്ന് രൂപതയിൽ 40 ഇടവകയിൽ ഫ്രാൻസിസ്കൻ അല്മായ സഭയുടെ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിച്ചു. രണ്ട് ടീമുകൾ ആയി രൂപതയുടെയും റീജിയൻസിന്റെയും പ്രസിഡണ്ടായി പ്രവർത്തിച്ചു. ഇപ്പോഴും തുടരുന്നു. സംഘടനയുടെ പ്രധാന വരുമാന മാർഗം ശവപ്പെട്ടി നിർമ്മാണമാണ്. 1973 മുതൽ ഒരു വർഷം ഒരു വീട് എങ്കിലും പാവപ്പെട്ടവർക്കായി സംഘടന നിർമ്മിച്ചു നൽകിയിരുന്നു. ചികിത്സാസഹായം വിദ്യാഭ്യാസ സഹായം എന്നിവയും വൈദിക വിദ്യാർത്ഥികൾക്കായി പഠന സഹായവും നൽകിവരുന്നു. ലൗ ആൻഡ് കെയർ സ്കീം കുറച്ചുകാലങ്ങളായി എസ്.എഫ്.ഒ യുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

***ആർ പി എസിൽ പ്രവർത്തനം തുടങ്ങുന്നത് എപ്പോൾ?**

ചെമ്പേരിയിൽ ആർപിഎസ് ആരംഭിക്കുന്നത് 1987 ലാണ്. 2010 മുതൽ ഞാൻ പ്രസിഡണ്ടായി പ്രവർത്തിക്കുന്നു. ചെമ്പേരി ആർ പി.എസിന് നാല്പത് ലക്ഷം രൂപയോളം മുടക്കി ഇരുനില കെട്ടിടം പണികഴിപ്പിക്കാൻ നേതൃത്വം വഹിച്ചു. ഇപ്പോൾ ഞാൻ എൻ.എഫ്.ആർ.പി.എസിന്റെ ദേശീയ വൈസ് പ്രസിഡണ്ടും ശ്രീകണ്ഠപുരം റീജിയന്റെ പ്രസിഡണ്ടുമാണ്. 2023 ൽ എൻഎഫ്.ആർ.പി.എസിന്റെ നേതൃത്വത്തിൽ 81 യൂണിറ്റുകളെ സംഘടിപ്പിച്ചുകൊണ്ട് ശ്രീകണ്ഠപുരത്ത് നടത്തിയ കർഷക

പ്രക്ഷോഭത്തിന് എനിക്ക് നേതൃത്വം വഹിക്കുവാൻ സാധിച്ചു. 3000 ത്തോളം പേർ പങ്കെടുത്ത കർഷക പ്രക്ഷോഭം വൻ വിജയമായിരുന്നു.

***മറ്റ് പ്രവർത്തനമേഖലകൾ ഏതൊക്കെ?***

കർഷക സംഘടനയായ ഇൻഫാമിൽ 2001ൽ ഏരുവേശ്ശി യൂണിറ്റ് പ്രസിഡണ്ടായി നിയുക്തനായി. 40 ഓളം ഇൻഫാം സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു. ഇൻഫാമിന്റെ നേതൃത്വത്തിൽ നടന്ന എല്ലാ കർഷക സമരങ്ങളിലും എന്റെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. സീനിയർ സിറ്റിസൺ പഞ്ചായത്തുതല പ്രസിഡണ്ടായി 2023 മുതൽ പ്രവർത്തിക്കുന്നു

***വിവാഹം എപ്പോഴായിരുന്നു?***

1973 ഫെബ്രുവരി 19 ആയിരുന്നു വിവാഹം. ചുണ്ടപ്പറമ്പിലെ അള്ളും പുറത്ത് അബ്രഹാം കത്രീന ദമ്പതികളുടെ മകൾ ഏലിയാമ്മയുമായി വിവാഹം. ഫാദർ തോമസ് നിലയ്ക്കപ്പള്ളി വികാരിയായിരുന്ന സമയത്ത് ഫാദർ അബ്രഹാം ആനിശ്ശേരിയുടെ ആശീർവാദത്തിലാണ് വിവാഹം നടന്നത്. നാലു മക്കൾ മൂത്തമകൻ സുനിൽ. ഭാര്യ ജയശ്രീ രണ്ടുപേരും ചെമ്പേരി നിർമല ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകർ. രണ്ടാമത്തെ മകൾ സുജ. വിവാഹിത ഭർത്താവ് ബെന്നി. മൂന്നാമത്തെ മകൻ സുരേഷ് ഭാര്യ ഷെറിൻ. രണ്ടുപേരും വിദേശത്താണ്. നാലാമത്തെ മകൻ സുജിത്ത്. ഭാര്യ ടിമി രണ്ടുപേരും നേഴ്സിങ് ഫീൽഡിൽ ജോലി ചെയ്യുന്നു. മക്കളും കൊച്ചുമക്കളും ഒക്കെയായി സന്തോഷത്തോടെ ജീവിതം നയിക്കുന്നു.

***ചെമ്പേരി മാതാവിനെ പറ്റി എന്താണ് പറയുവാനുള്ളത് ?***

ചെമ്പേരിയിലേക്ക് കുടിയേറിയ കാലം മുതൽ ചെമ്പേരി മാതാവിൽ എനിക്ക് പൂർണമായ വിശ്വാസമാണ്. ഞാൻ ഏതു കാര്യത്തിനും തുടക്കം കുറിക്കുമ്പോൾ മാതാവിന്റെ മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കാറുണ്ട്. ഞാൻ ഏർപ്പെടുന്ന എല്ലാമേഖലകളിലും യാതൊരുവിധ തടസ്സങ്ങളും കൂടാതെ മുൻപോട്ടു പോകാനുള്ള കൃപ ചെമ്പേരി മാതാവിന്റെ മാധ്യസ്ഥ്യത്തിലൂടെ എനിക്ക് ലഭിക്കുന്നുണ്ട്.

***പുതുതലമുറയെപ്പറ്റി എന്താണ് അഭിപ്രായം?***

പുതുതലമുറ ദൈവവിശ്വാസത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ആഴമായ ബോധ്യത്തിലേക്ക് അവരെ നയിക്കുക എന്നത് ഇക്കാലഘട്ടത്തിൽ നമ്മുടെ കടമയാണ്.

തയ്യാറാക്കിയത്

**ഷൈബി കുഴിവേലിപ്പുറത്ത്**
**ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ**



# Baptism പുതുപൂക്കൾ

***ഹേസൻ സേറ ജെഫിൻ***
D/o ജെയിംസ് & എലിസബത്ത്
ഇലഞ്ഞിമണ്ണിൽ
29.11.2023

***എറിക് ജോർജ് ആൽബിൻ***
S/o ആൽബിൻ & സീന
തെരുവംകുന്നേൽ
26.12.2023

***എലോറ ടെസ്സ അഖിൽ***
D/o അഖിൻ & സെലിൻ
തെരുവിൽ
27.12.2023

***സെറ സിസിലി ജോമോൻ***
D/o ജോമോൻ & സ്റ്റെഫി
കുര്യന്താനത്ത്
27.12.2023

***ഹൈഡൻ ജോസഫ് മാർട്ടിൻ***
S/o മാർട്ടിൻ & അനിറ്റ്
പാലോലിൽ
27.12.2023

***കെസിയ ടെസ്സ ജിബിൻ***
D/o ജിബിൻ & അർച്ചന
തെങ്ങനാംകുന്നേൽ
31.12.2023

***മറിയം ജിനോഷ്***
D/o ജിനോഷ് & ഡയാന
പഴയതോട്ടം
31.12.2023

***ആബേൽ ജോസഫ് ആഷിസ്***
S/o ആഷിസ് & ജീവ
പുലിയുറുമ്പിൽ
25.01.2024

***നെയ്‌ലിൻ മരിയ നോയൽ***
D/o നോയൽ & ആഗദേവ്
മാനാട്ട്
03.02.2024

***അന്നമേരി റിജേഷ്***
D/o റിജേഷ് & അഞ്ജു
ഞാറക്കൽ
07.02.2024

***ആബേൽ ജോ റോബിൻ***
S/o റോബിൻ & അഞ്ജു
പുത്തൻപുരക്കൽ
07.02.2024



# സ്വർഗീയ ഭവനത്തിൽ

| | |
|---|---|
| മറിയാമ്മ തോമസ് കണിയാംപറമ്പിൽ | 9.12.2023 |
| ദാനിയേൽ (ബിജു) തേയിക്കൽ | 12.12.2023 |
| മാത്യു കിടാരത്തിൽ | 19.12.2023 |
| ത്രേസ്യാമ്മ പിണക്കാട്ട് | 28.12.2023 |
| ഫ്രാൻസീസ് (സണ്ണി) കാരാട്ട് | 31.12.2023 |
| സെൽജി ചെറിയാൻ മടുക്കക്കുഴി | 19.01.2024 |
| ലീലാമ്മ തോമസ് കുന്നത്ത്പറമ്പിൽ | 22.01.2024 |
| അന്നമ്മ തോമസ് വെട്ടിക്കൽ | 02.02.2024 |

## ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കം ഉത്തരങ്ങൾ

| | | |
|---|---|---|
| 1 | യൂദാ മരുഭൂമി | (ന്യായ: 1:16) |
| 2. | കെനാസ് | (1: 13) |
| 3. | ബാൽദേവൻമാരെയും അസ്താർത്തെ ദേവതകളെയും | (2:13) |
| 4. | ഷംഗാർ | (3:31) |
| 5. | സിസേറ | (4:2) |
| 6. | യാഹ്വേ – ഷലോം | (6:24) |
| 7. | പൂരാ | (7:10) |
| 8. | ഓഫ്രായിൽ | (8:32) |
| 9. | തോല | (10:1) |
| 10. | ഓമോൻ | (10:5) |

**നിറം കൊടുക്കൂ...**

*കഴിഞ്ഞലക്കം വിജയി :* **ഏബൽ മാത്യു, പടിഞ്ഞാറെ ആനിശ്ശേരി**

# വാർത്തകൾ NEWS

## ലൂർദ്മാതാ സൺഡേസ്കൂൾ

*ക്രിസ്തുമസ് : ക്രിസ്തുമസിന് ഒരുക്കമായി കുട്ടികൾ 25 ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും നോമ്പ് അനുഷ്ഠിക്കുകയും ചെയ്തു. 25 ദിവസവും മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത കുട്ടികൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ സമ്മാനങ്ങൾ നൽകി 200 കുട്ടികൾ സമ്മാനത്തിന് അർഹരായി.

*ക്രിസ്തുമസ് രാത്രിയിൽ വിശുദ്ധ കുർബാനയ്ക്ക് മുൻപായി സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 'ഗ്ലോറിയ നൈറ്റ് 2024' എന്ന പേരിൽ കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിച്ചു.

*മിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ട്രീ ഭംഗിയായി അണിയിച്ചൊരുക്കി. ആകർഷകമായ സമ്മാനങ്ങൾ നൽകി.

*മിഷൻ ലീഗ് അംഗങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ പൂപ്പറമ്പ് മരിയ ഭവൻ സന്ദർശിക്കുകയും ക്രിസ്തുമസ് ട്രീ ഒരുക്കിയതിൽ നിന്നും ലഭിച്ച തുക മരിയ ഭവനിലെ അന്തേവാസികൾക്ക് ക്രിസ്തുമസ് സമ്മാനമായി നൽകുകയും ചെയ്തു.

ബൈബിൾ ക്വിസ് : 2024 ജനുവരി 21 ന് ഫൊറോനാ തലത്തിൽ നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ ചെമ്പേരി സൺഡേ സ്കൂളിൽ പഠിക്കുന്ന താഴെപ്പറയുന്ന കുട്ടികൾ സമ്മാനത്തിന് അർഹരായി.

ക്ലാസ് 5 – ജോവാകിം നായിപുരയിടത്തിൽ ഒന്നാംസ്ഥാനം
ക്ലാസ് 8 – എലിസബത്ത് അയ്യങ്കാനാൽ ഒന്നാംസ്ഥാനം
ക്ലാസ് 9 – അക്സ മരിയ ഒറ്റപ്ലാക്കൽ ഒന്നാംസ്ഥാനം
ക്ലാസ് 10– ട്രീസാ പോൾ കിഴക്കരക്കാട്ട് ഒന്നാംസ്ഥാനം
ക്ലാസ് 11 – ജയിൻ ഐങ്കലത്തിൽ രണ്ടാംസ്ഥാനം

കുട്ടികളെ മത്സരത്തിന് ഒരുക്കിയ ജോയിച്ചൻ സാറിന് അഭിനന്ദനങ്ങൾ.

*ജനുവരി 21ന് പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ യാത്രയയപ്പ് മീറ്റിംഗ് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചൻ അധ്യക്ഷത വഹിച്ച് കുട്ടികൾക്ക് വിജയാശംസകൾ നേർന്നു. ബഹുമാനപ്പെട്ട കൊച്ചച്ചൻ, ഹെഡ്മാസ്റ്റർ, ക്ലാസ് അധ്യാപകർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ സംസാരിച്ചു. ഇടവകയുടെ സ്നേഹോപഹാരങ്ങൾ ബഹുമാനപ്പെട്ട

വികാരിയച്ചൻ കുട്ടികൾക്ക് നൽകി. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു.

*ഡിപ്ലോമ പരീക്ഷ : ജനുവരി 26 വെള്ളിയാഴ്ച 2 മുതൽ 4 വരെ പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്കുള്ള ഡിപ്ലോമ പരീക്ഷ നടന്നു. 83 കുട്ടികൾ പരീക്ഷ എഴുതി.

*ഇടവക തിരുനാൾ : പരിശുദ്ധ ലൂർദ് മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ഫെബ്രുവരി 10-ന് സൺഡേ സ്കൂൾ കുട്ടികൾ മനോഹരമായ ദീപക്കാഴ്ചയുടെ അകമ്പടിയോടെ, ബൈബിൾ ദൃശ്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് വിശ്വാസപ്രഘോഷണറാലിയിൽ പങ്കെടുത്തു. മതാധ്യാപകർ അവർക്ക് നേതൃത്വം നൽകി.

*യാത്രയയപ്പ് : കഴിഞ്ഞ ഒരു വർഷക്കാലം വിശ്വാസ പരിശീലന പ്രവർത്തനങ്ങളിൽ സഹായിക്കുവാനായി കുന്നോത്ത് സെമിനാരിയിൽ നിന്നും വന്നിരുന്ന ബഹുമാനപ്പെട്ട ബ്രദർ മനുവിന് ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ച യാത്രയയപ്പ് നൽകി. ബഹുമാനപ്പെട്ട വികാരിയച്ചൻ അധ്യക്ഷത വഹിച്ചു, ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ ആശംസകൾ നേർന്നു. സൺഡേ സ ്കൂളിന്റെ സ്നേഹോപഹാരം ബഹുമാനപ്പെട്ട വികാരിയച്ചൻ ബ്രദറിന് നൽകി.

# നിർമല യു.പി. സ്കൂൾ

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി നടത്തിയ പി.ടി. ചാക്കോ പ്രസംഗമത്സരത്തിൽ എൽ.പി. വിഭാഗം ജുവൽ ജോസ് ഒന്നാംസ്ഥാനവും യു.പി. വിഭാഗം ആദികൃഷ്ണ രണ്ടാംസ്ഥാനവും നേടി. ഇഷാൻ കെ.സനൽ സംസ്കൃതം സ്കോളർഷിപ്പ് നേടി. ഇരിക്കൂർ ഉപജില്ല വാങ്മയം പ്രതിഭാ പോഷണ പരിപാടിയിൽ അൽനമരിയ രണ്ടാംസ്ഥാനം നേടി.

**ഇരിക്കൂർ ഉപജില്ല കായികമേളയിൽ**

1. അനയ മനോജ് (ലോഗ്ജംപ്) ഒന്നാംസ്ഥാനം
2. അനുശ്രീ കെ.എ. (സ്റ്റാൻഡിംഗ് ബ്രീഡ്ജംപ്) ഒന്നാംസ്ഥാനം
3. ബിയോൺ പ്രിൻസ് (സ്റ്റാൻഡിംഗ് ബ്രീഡ്ജംപ്) ഒന്നാംസ്ഥാനം

സബ്ജില്ലാതല ഇൻക്ലൂസീവ് കായികോത്സവം

ക്രിസ്റ്റി രാജു, മനു റ്റി എം., ശ്രേയ ജ്യോജിത്ത്, അനുരാഗ് ബിനു, നിയ പി എന്നിവർ ഉന്നത വിജയം കരസ്ഥമാക്കി.

2023 – 24 വർഷത്തെ ഇൻസ്പയർ അവാർഡ് ശ്രീദേവ് പ്രതീശന് ലഭിച്ചു.

## ഭാഷാമൃതം അവാർഡ്

അഡ്വ.സജീവ് ജോസഫ് MLA നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഷാമൃതം 2023-24 ന്റെ മെഗാഫൈനലിൽ നിർമ്മല യു.പി.സ്കൂൾ രണ്ടാം തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഏഴാം ക്ലാസിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യമാണ് അവാർഡിന് അർഹമാക്കിയത്. ഇരിക്കൂർ നിയോജക മണ്ഡലത്തിലെ തന്നെ ബെസ്റ്റ് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന വിദ്യാലയം എന്ന് ഈ അവാർഡിലൂടെ വീണ്ടും തെളിയിച്ചു. രണ്ട് ലക്ഷം രൂപയുടെ പദ്ധതിയാണ് സ്കൂളിന് ലഭ്യമാകുക.

## നിർമല ഹൈസ്കൂൾ

നിർമല ഹയർ സെക്കണ്ടറി സ്കൂൾ 67-മത് വാർഷികാഘോഷവും സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപിക ഗ്രേസി ജോസഫിനുള്ള യാത്രയപ്പ് സമ്മേളനവും ചെമ്പേരി നിർമ്മല സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ.ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഡോ.ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷനായിരുന്നു. ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ മിനി ഷൈബി മുഖ്യ പ്രഭാഷണം നടത്തി. സ്കൂൾ ഹെഡ്മാസ്റ്റർ ജോർജ് എം.ജെ ആമുഖ ഭാഷണം നടത്തി. ഗ്രാമ പഞ്ചായത്ത് അംഗം മോഹനൻ മൂത്തേടൻ, ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സജീവ് സി.ഡി, യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ്സി പോൾ, പി.ടി.എ. പ്രസിഡന്റ് സോജൻ കാരാമയിൽ, മദർ പി.ടി.എ പ്രസിഡന്റ് സോഫിയ വിൻസെന്റ്, സ്കൂൾ ലീഡർ ആൻസൺ ജോർജ്, സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ. റോസ് മരിയ തുടങ്ങിയവർ പ്രസംഗിച്ചു. സ്റ്റാഫ് പ്രതിനിധി സിന്ധു മാത്യു സേവനാനുസ്മരണം നടത്തി. സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകരായ ഗ്രേസി ജോസഫ് യു.പി.സ്കൂൾ അധ്യാപിക സിസ്റ്റർ. ഡെയ്സമ്മ മാത്യു, ലാബ് അസിസ്റ്റന്റ് ഷീൻ അബ്രാഹം എന്നിവർ മറുപടി പ്രസംഗം നടത്തി. തുടർന്ന് വിവിധ മത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

*തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസി നടത്തിയ പി.ടി. ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരത്തിൽ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനി സിയാൻ മരിയ ഷാജി ഒന്നാംസ്ഥാനം നേടി.

*എസ്.പി.സി. ഏഴാമത് ബാച്ചിന്റെ പാസ്സിംഗ് ഔട്ട് പരേഡ് സ്കൂൾ ഗ്രൗണ്ടിൽ നടന്നു.

# നിർമല ഹയർസെക്കണ്ടറി സ്കൂൾ

**ദ്വിതീയ സൗപാനം**: കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് തളിപ്പറമ്പ ജില്ലാ അസോസിയേഷന്റെ നേതൃത്വത്തിൽ ദ്വിതീയ സൗപാനത്തിനു വേണ്ടിയുള്ള ക്യാമ്പ് ഡിസംബർ 22 മുതൽ 24 വരെ പ്രാപ്പൊയിൽ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു നമ്മുടെ സ്കൂളിൽ നിന്ന് 36 കുട്ടികൾ പങ്കെടുക്കുകയും ക്യാമ്പ് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു .

**എൻ എസ്എസ് ക്യാമ്പ്** : ഇ വർഷത്തെ എൻ എസ്എസ് ക്യാമ്പ് കുടിയാന്മല മേരി ക്യുൻസ് ഹൈസ്കൂളിൽ വെച്ച് ഡിസംബർ 26 മുതൽ ജനുവരി 1 വരെ സമന്വയം എന്ന പേരിൽ നടന്നു. നമ്മുടെ സ്കൂളിൽ നിന്ന് 50 കുട്ടികൾ പങ്കെടുത്തു.

**സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും:** 2023–24 വർഷത്തെ സ്കൂൾ വാർഷികവും ഈ അധ്യയന വർഷം ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്ന് വിരമിക്കുന്ന ശ്രി. ഷീൻ അബ്രഹം, ഹൈ സ്കൂളിൽ നിന്ന് വിരമിക്കുന്ന ശ്രീമതി ഗ്രേസി ടീച്ചർ, യു പി സ്കൂളിൽ നിന്ന് വിരമിക്കുന്ന ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ്സി പോൾ, സിസ്റ്റർ ഡെയ്സമ്മ മാത്യു എന്നിവർക്കുള്ള യാത്രയയപ്പ് സമ്മേളനം ജനുവരി 10 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. പ്രിൻസിപ്പൾ ശ്രി.സജീവ് സി ഡി എല്ലാവർക്കും സ്വാഗതമാശംസിച്ചു, സ്കൂൾ മാനേജർ റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷനായ സമ്മേളനം അതിരൂപത കോർപ്പറേറ്റ് മാനേജർ റവ.ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു. ഏരുവേശി പഞ്ചായത്ത് പ്രസിഡന്റ്. ശ്രിമതി മിനി ഷൈബി പി ടി എ പ്രസിഡന്റ് ശ്രി സോജൻ കരാമയിൽ മദർ പി ടി എ പ്രസിഡന്റ് തുടങ്ങിയവർ സംസാരിച്ചു. വാർഷികത്തിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർഥികളെ അനുമോദിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. സ്റ്റാഫ് സെക്രട്ടറി റവ.ഫാ.ജോണി സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.

**പാലിയേറ്റിവ് ദിനം:** ജനുവരി 15ന് പാലിയേറ്റീവ് ദിനത്തോട നുബന്ധിച്ച് എരുവേശ്ശി ഗ്രാമ പഞ്ചായത്ത്, പി.എച്ച്.സി, സമരിറ്റൻ പാലിയേറ്റീവ് കെയർ, ലൂർദ്ദ് മാതാ ഫൊറോനാ ചർച്ച് എന്നിവരോ ടൊരുമിച്ച് ചെമ്പേരി ടൗണിൽ പാലിയേറ്റീവ് ദിനാചരണ സന്ദേശ യാത്ര നടത്തി.

**ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ്:** ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് തളിപ്പറമ്പ ജില്ലാ അസോസിയേഷൻ ഗൈഡ് വിഭാഗം ചീഫ് മിനി

സിറ്റേഴ്സ് ഷീൽഡ് മത്സരത്തിൽ ചെമ്പേരി നിർമ്മല ഹയർ സെക്കണ്ടറി സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**സെന്റോഫ് മീറ്റിംഗ്** : 2023-2024 ബാച്ചിന്റെ സെന്റോഫ് പ്രോഗ്രാം നടന്നു സ്കൂൾ മാനേജർ ജോർജ് കാഞ്ഞിരക്കാട്ട്, പി ടി എ പ്രസിഡന്റ് സോജൻ കരാമയിൽ എന്നിവരുടെ സാന്നിധ്യത്തിൽ കുട്ടികൾ അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും വളരെ ഊർജ സ്വലരായി രണ്ടുവർഷം തങ്ങളെ നയിച്ച അധ്യാപകർക്കും മാനേജ്മെന്റിനും നന്ദി പറയുകയും ചെയ്തു.

**സ്പെഷ്യൽ കോച്ചിങ് ക്ലാസ്:** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തികൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ സയൻസ് , ഹ്യൂമാനിറ്റീസ് , കോമേഴ്സ് എന്നി ബാച്ചുകളിലെ കുട്ടികൾക്കുവേണ്ടി പ്രത്യേക വിഷയ പരിശീലന ക്ലാസുകൾ ജനുവരി ഫെബ്രുവരി മാസങ്ങളിൽ നടന്നു.

**ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗ മത്സരം:** തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി അധ്യാപക അനധ്യാപകർക്കായി നടത്തുന്ന ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗ മത്സരം ഫെബ്രുവരി 13 നു നടന്നു. നമ്മുടെ സ്കൂളിലെ ലാബ് അസിസ്റ്റന്റ് ഷൈബി കുഴിവേലിപ്പുറം രണ്ടാം സ്ഥാനത്തിന് അർഹനായി. അഭിനന്ദനങ്ങൾ...

**അവാർഡ് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ:** തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മികച്ച അനധ്യാപകർക്കായി ഏർപ്പെടുത്തിയ അവാർഡിന് നമ്മുടെ സ്കൂളിലെ ലാബ് അസിസ്റ്റന്റ് ഷീൻ അബ്രഹാം അർഹനായി. അതോടൊപ്പം അധ്യാപകർക്കുള്ള ബിഷപ് വള്ളോപ്പിള്ളി എക്സലെൻസ് അവാർഡിന് നമ്മുടെ യു പി സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ്സി പോൾ അർഹയായി. സ്കൂളിൽ നടന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ റവ.ഫാ. ജോർജ് കാഞ്ഞിരക്കാട്ട് പൊന്നാട അണിയിച്ച് അവരെ ആദരിച്ചു.

## മാതൃവേദി

ചെമ്പേരി മേഖലാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'അമ്മ സംഗമം' പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ നടന്നു. ചെമ്പേരി ഫൊറോന വികാരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. രാവിലെ വിശുദ്ധ കുർബാനയ്ക്ക് ശേഷമാണ് സമ്മേളനം തുടങ്ങിയത്. മാതൃവേദി തലശേരി അതിരൂപതാ പ്രസിഡന്റ് ഷീബ തെക്കേടത്ത് അധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടറും പുലിക്കുരുമ്പ ഇടവക വികാരിയുമായ

റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, മേഖലാ ആനിമേറ്റർ സിസ്റ്റർ ലിസി ജോർജ് എം.എസ്.എംഐ, ആഗ്നസ് പുളിയ്ക്കൽ, സെലിൻ പൊടിമറ്റത്തിൽ, വത്സമ്മ മുണ്ടയ്ക്കൽ, മേഴ്സി അരീപ്പറമ്പിൽ ടെസി താളംപ്ലാക്കൽ, സെലിൻ മറ്റത്തിനാനിയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ഏരുവേശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി ചുമതലയേറ്റ മാതൃവേദി നെല്ലിക്കുറ്റി യൂണിറ്റ് അംഗം മിനി ഷൈബിയെ മേഖലാ ഡയറക്ടർ റവ.ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് പൊന്നാടയണിയിച്ച് ആദരിച്ചു.

ഫൊറോനയിലെ മികച്ച യുണിറ്റുകൾക്കും വിവിധ മത്സര വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. 'കുടുംബ ജീവിതത്തിലെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ മോട്ടിവേറ്റർ ടിജോ പൊന്നാട്ട് ക്ലാസ് നയിച്ചു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി 350 അമ്മമാർ സംഗമത്തിൽ പങ്കെടുത്തു.


പാറമ്പുഴയിൽ ചിട്ടിഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്

സ്ഥാപിതം 1981 ഗവ. അംഗീകൃത സ്ഥാപനം

H.O. പയ്യാവൂർ Ph: 04602211260, 9447641218

ബ്രാഞ്ചുകൾ
ചന്ദനക്കാംപാറ – 0460 2215260
ശ്രീകണ്ഠപുരം – 0460 2230460
ചെമ്പേരി – 0460 2213260

ഉടൻ ആരംഭിക്കുന്ന പ്രതിമാസ ലേലച്ചിട്ടികൾ

| തവണ | ഇറക്ക് സംഖ്യ | ചിട്ടിസല |
|---|---|---|
| 40 | 12500 | 5,00,000 (5 ലക്ഷം) |
| 40 | 12500 | 5,00,000 (5 ലക്ഷം) |
| 40 | 5000 | 2,00,000 (2 ലക്ഷം) |
| 40 | 5000 | 2,00,000 (2 ലക്ഷം) |
| 40 | 2500 | 1, 00,000 (1 ലക്ഷം) |
| 40 | 2500 | 1, 00,000 (1 ലക്ഷം) |

# നവദമ്പതികൾ



**ഷിജു**
S/o ജോസഫ് & മേരിക്കുട്ടി
കാക്കല്ലിൻ

**മരിയ**
D/o തോമസ് & മേരിക്കുട്ടി
പാലിയാക്കുന്നേൽ
മേലുകാവുമറ്റം

**ഷാരോൺ**
S/o ഫ്രാൻസീസ് & മറിയാമ്മ
കണ്ണംകുളത്ത്

**അഞ്ജു**
D/o ജോസഫ് & ജെയ്നമ്മ
തുണ്ടിയിൽ, വട്ടിയറ

**ആനന്ദ്**
S/o ജോസഫ് & ഫിലോമിന
ആലക്കളത്തിൽ
ചെമ്പേരി

**മേരി**
D/o സജി & മോളി
നെല്ലിക്കുറ്റി
ആലുങ്കൽ

**അതുൽ ശ്രേയസ്**
S/o ചാക്കോ & റോസമ്മ
തുളുവനാനിക്കൽ
ചെമ്പേരി

**അനിറ്റ**
D/o മാർട്ടിൻ & ജോളി
കോട്ടയിൽ
ചെമ്പേരി

**ജോയൽ**
S/o ബെന്നി & റെജി
ചെട്ടിയാംകുന്നേൽ

**അനിറ്റ**
D/o വർഗ്ഗീസ് & ജെസി
മേനാച്ചേരി
കാവുംമന്ദം, മാനന്തവാടി

**തോമസ് (നോബിൾ)**
S/o ജോസഫ് & ഷിജി
പുതുമനക്കുന്നത്ത്

**30.12.2023**

**അന്നമ്മ ( റെജീന മാത്യു)**
D/o മാത്യു & ലിസി
കാരിക്കുന്നേൽ
കോരുതോട്

**ജോർജ്(മെൽവിൻ)**
S/o വിൻസെന്റ് & ജെസ്സി
മണിമല

**06.01.2024**

**ട്രീസ (സ്നേഹ)**
D/o ജേക്കബ് &
അന്നമ്മ
തുണ്ടിയിൽ, വട്ടിയറ

**ജോസഫ് (ക്രിസ്)**
S/o ഷാജി & മിനി
പുന്നക്കുഴിയിൽ

**11.01.2024**

**എലിസബത്ത് (സിമി)**
D/o സണ്ണി &
കൊച്ചുറാണി
മാളിയേക്കൽ
ഫിലാഡൽഫിയ





# നവദമ്പതികൾ



**തോമസ് (സ്റ്റെനിൽ)**
S/o ബേബി & മോളി
കുന്നത്ത്
**15.01.2024**

**ജേക്കബ് (സഞ്ജയ്)**
S/o ജോണി & ഡാർളി
ഇലഞ്ഞിമണ്ണിൽ
**18.01.2024**

**ജോസഫ് (ബിപിൻ)**
S/o ജോസഫ് & മറിയാമ്മ
മണിയങ്ങാട്ട്
**20.01.2024**

**ജെയിംസ് (ഷാജൻ)**
S/o തോമസ് & മേരി
മൂന്നാനപ്പള്ളിൽ
**20.01.2024**

**മാത്യു (എബിൻ)**
S/o ജോസ് & മേഴ്സി
ഉറുമ്പിൽ
**27.01.2024**

**വർഗ്ഗീസ് (ജിമ്മി ജോൺ)**
S/o ജോൺ & ആലീസ്
പുളിക്കക്കുന്നേൽ
മുട്ടത്തുപാറ
**07.01.2024**

**മിലൻ (സെബാസ്റ്റ്യൻ)**
S/o സെബാസ്റ്റ്യൻ & അന്നമ്മ
ചക്കാലക്കുന്നേൽ
മാനന്തവാടി
**15.01.2024**

**അക്ഷയ് (ജോർജ്)**
S/o രാജു & ജെസി
പൈകയിൽ
താമരശ്ശേരി
**13.01.2024**

**എബിൻ (ആന്റണി)**
S/o വർഗീസ് & ആഗ്നസ്
കല്ലിപ്പുഴയിൽ
തിരുമേനി
**28.01.2024**

**ബിവിൻ (ജോസഫ്)**
S/o ബേബി വർഗ്ഗീസ്
& സിൽവി
പാലാക്കയം
പാലക്കാട്
**14.12.2023**

**ഡെൽന മാത്യു**
D/o മാത്യു &
മോണിക്ക
കറ്റിവീട്ടിൽ
ഉദയഗിരി

**മേരി (സിനു)**
D/o സിബി & ലിസ്സി
മുണ്ടുപാലത്ത്
ചെമ്പേരി

**അന്ന (ജീന)**
D/o വർഗ്ഗീസ് & മിനി
പയ്യപ്പള്ളി
വെണ്ണക്കല്ല്

**ത്രേസ്യാമ്മ (ബിസ്മി)**
D/o ലൂക്കോസ് &
മേരി
വഴുതക്കാട്ട്,
തോമപുരം

**അന്നമ്മ (അഞ്ജു)**
D/o പാനൂസ് & സ്റ്റെല്ല
ചീരമറ്റം

**ക്രിസ്റ്റീന**
D/o ഫ്രാൻസീസ്
& സാലി
ചെല്ലായിൽ

**തെരേസ്**
D/o .................

**അലീന (കാതറിൻ)**
D/o ജോസഫ് & ജെസി
ചെറുകരക്കുന്നേൽ

**ജസ്റ്റീന (ക്രിസ്റ്റീന)**
D/o ജോസഫ് & സാലി
തട്ടാപറമ്പിൽ

**മിലൻ (മേരി)**
D/o മാത്യു & ബീന
കുന്നത്ത്ശ്ശേരിയിൽ

**രാജു (ജോസഫ്)**
S/o മത്തായി
& ഗീത
ചുരത്തിൽ, യായോത്ത്....
**29.01.2024**

**അലീന (സെലീന)**
D/o സിബി & സാലി
വിളക്കുന്നേൽ

---

**മെൽവിൻ (ഫെലിക്സ്)**
S/o ജെയിംസ്
& ............
മാംഗ്ലൂർ
**14.12.2023**

**ജെസ്വ (വിമല)**
D/o ജോസഫ് & സോഫി
ഇലഞ്ഞിമണ്ണിൽ

---

**ജീവൻ (ദേവസ്യ)**
S/o വിൻസന്റ് & റോസമ്മ
& ............
വാതപ്പള്ളിൽ
**01.01.2024**


**ആൻസീറ്റ**
D/o തോമസ് & മോളി
ചാലിൽ

---

**കെവിൻ (ഐസക്)**
S/o ജോണി & ട്രീസ
പൈതപ്പള്ളിൽ
എഡൂർ
**01.01.2024**

**ബ്രിജീത്ത (നയന സജി)**
D/o സജി & ഷൈനി
പൂവത്തിങ്കൽ
....

## കുരിശ്ശിന് നിറംകൊടുത്ത് മനോഹരമാക്കാം



**നിറംകൊടുക്കൂ..... ആകർഷകമായ സമ്മാനങ്ങൾ നേടൂ.!**

**15 വസ്സിൽ താഴെയുള്ള കുട്ടികൾക്ക് മാത്രം.**

**അവസാന തീയ്യതി 2024 മെയ് 31**

***(പേപ്പർ മുറിച്ചെടുത്ത് ബഹു:കൊച്ചച്ചന്റെ പക്കൽ ഏൽപ്പിക്കുക)***

പേര് : ........................................................................................................

അഡ്രസ്സ് : ........................................................................................................

........................................................ഫോൺ: ................................

വയസ്സ് : ...................................



ക്രൈസ്റ്റ് ജർമൻ ഇൻസ്റ്റിട്യൂട്ടിന്റെ 3-ാം വാർഷികം പ്രമാണിച്ച്
ഏപ്രിൽ മാസം മുതൽ ഇനി നിങ്ങൾക്കും ചരുങ്ങിയ
ചിലവിൽ ജർമൻ ഭാഷ പഠിക്കാം
തൊഴിലന്വേഷകരുടെ ഇഷ്ടരാജ്യമായ ജർമ്മനിയിൽ
+2 കഴിഞ്ഞ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും
സുവർണ്ണാവസരം
സൗജന്യമായി
ജർമ്മനിയിൽ
നഴ്സിംഗ് പഠിക്കാം
ഒരു ലക്ഷം രൂപ
സ്റ്റൈപ്പന്റോടുകൂടി
പഠനം കഴിഞ്ഞാൽ 2.6 ലക്ഷം രൂപയിലധികം പ്രതിമാസ ശമ്പളത്തോടുകൂടി അവിടെത്തന്നെ ജോലിയും
A1,A2
B1,B2
പുതിയ ബാച്ച് ഉടനെ ആരംഭിക്കുന്നു
+2 പരീക്ഷ കഴിഞ്ഞ കുട്ടികൾക്കായി
A1 പുതിയ ബാച്ച് 03.04.2024 മുതൽ
ആരംഭിക്കുന്നു
മലയോര മേഖലയിലെ ഏറ്റവും വിശ്വസനീയവും
ലളിതവുമായ ജർമ്മൻ ഭാഷാ പഠന കേന്ദ്രം
CHRIST GERMAN INSTITUTE
PAYYAVOOR 8547 3075 17 | 6282 986182 | 6362 6774 46

# കാലങ്ങളായി അനുഭവിക്കുന്ന പേശീവേദനകൾ
# ചികിത്സിച്ച് മാറ്റാം
# ഫിസിയോതെറാപ്പിയിലൂടെ



## CRC
**PHYSIOTHERAPY & REHABILITATION CLINIC**


അതിനൂതന ചികിത്സാ രീതികൾ

9 വർഷത്തെ പരിചയ സമ്പത്ത്

കിടപ്പ് രോഗികൾക്കും കുട്ടികൾക്കും
പ്രത്യേക ഫിസിയോതെറാപ്പി

*Our Services*

- അക്യുപങ്ചർ
- കപ്പിംങ് / ഹിജാമ
- ന്യൂറോ മസ്കുലാർ സ്റ്റെബിലൈസേഷൻ
- ടേപ്പിംങ്
- മാനുവൽ തെറാപ്പി
- ഇലക്ട്രോതെറാപ്പി



**Dr. ASWANI SP (PT)**
**CHIEF PHYSIOTHERAPIST**

BPT,PGDESD, MIAP
U.K. LICENSED PHYSIOTHERAPIST (HCPC)
CERTIFIED IASTM, SDNS,
DRY NEEDLING,TAPING, CUPPING
BLS PRACTIONER
9 YEARS EXPERIENCE (SAUDI ARABIA)

ചർച്ച് റോഡ്
**ചെമ്പേരി**

**9744 051 551**